പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.121 — 25.2.2009ൽ മറുപടിക്ക്

## ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :<br>ശ്രീ.എ.എം.യൂസഫ് :<br>ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.മഞ്ഞളാംകുഴി അലി: | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ)കയ്യേറ്റഭൂമിവീണ്ടെടുക്കുന്നതിനായി എല്ലാ ജില്ലകളിലും രൂപീകരിച്ച ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ; | (എ) ജില്ലാതലത്തിൽ അവലോകനം ചെയ്തിട്ടുണ്ട്. സർക്കാർ ഭൂമിയിലെ അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനും, ഭൂമി വീണ്ടെടുക്കുന്നതിനും വേണ്ടി ജില്ലകളിലും താലൂക്കുകളിലും രൂപീകൃതമായിട്ടുള്ള ടാസ്ക് ഫോഴ്സുകൾ ജില്ലാ കളക്ടർമാരുടെ മേൽ നോട്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ടി ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തന പുരോഗതി ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ തന്നെ അവലോകനം ചെയ്തു വരുന്നുണ്ട്. ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനഫലമായി അനധികൃതമായി സർക്കാർ ഭൂമി കൈയ്യേറിയവർക്കെതിരെ സംസ്ഥാനത്തൊട്ടാകെ 8777 എൽ.സി കേസ്സുകൾ ഉൾപ്പെടെ 9140 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും നടപടികൾ നടന്നു വരുകയും ചെയ്യുന്നു. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി 363 കേസ്സുകൾ വിവിധ കോടതികളിലായി നിലവിലുണ്ട്. |
| (ബി)ഇവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി നടപടി സ്വീകരിക്കുമോ ; | (ബി) ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം ഊർജ്ജിതമായി നടന്നു വരുന്നു. |
| (സി) വിവിധ ജില്ലകളിലായി എത്ര ഏക്കർ കയ്യേറ്റങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | (സി) വിവിധ ജില്ലകളിലായി 13672.04 ഏക്കർ സർക്കാർ ഭൂമിയിൽ അനധികൃത കൈയ്യേറ്റമുള്ളതായി ടാസ്ക് ഫോഴ്സുകൾ കണ്ടെത്തുകയും അതിൽ 12732.90 ഏക്കർ ഭൂമി ഒഴിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 939.14 ഏക്കർ സർക്കാർ ഭൂമിയിലെ കൈയ്യേറ്റം കൂടി ഒഴിപ്പിക്കാനുള്ള നടപടികൾ വിവിധ ടാസ്ക് ഫോഴ്സുകൾ നടത്തി വരുന്നു. |
| (ഡി) ഇവ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) ഇവ ഒഴിപ്പിച്ച് സർക്കാർ അധീനതയിൽ എടുക്കുന്നതിനായി 1957-ലെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ഇ) ഈ സർക്കാർ വന്ന ശേഷം എത്ര ഏക്കർ കയ്യേറ്റ ഭൂമിയും മിച്ച ഭൂമിയും വീണ്ടെടുത്ത് ലാൻഡ് ബാങ്കിൽ നിക്ഷേപിച്ചു ; എത്ര ഏക്കർ ഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യുവെന്നു വെളിപ്പെടുത്തുമോ ? | (ഇ) റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമിയുടെ സംരക്ഷണത്തിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ പ്രവർത്തനമാരംഭിച്ച ഒരു സർക്കാർ സംരംഭമാണ് ലാന്റ് ബാങ്ക്. സർക്കാർ ഭൂമിയുടെ മുഴുവൻ വിവരങ്ങളും ലാന്റ് ബാങ്കിൽ ശേഖരിക്കുന്നതിന്റെ ഭാഗമായി ആദ്യമായി റവന്യൂ ഭൂമിയുടെ വിവരങ്ങൾ ജില്ലകളിൽ നിന്നും ശേഖരിച്ചു വരുന്നു. തുടർന്ന് ശേഖരിച്ച വിവരങ്ങൾ വില്ലേജ്തലത്തിൽ വർഗ്ഗീകരണവും, കോഡിംഗും നടത്തി കമ്പ്യൂട്ടറിലേയ്ക്ക് മാറ്റുന്നതും, നിലവിലുള്ള സർക്കാർ ഭൂമിയിലെ മുഴുവൻ കൈയ്യേറ്റങ്ങളും സമയ ബന്ധിതമായി ഒഴിപ്പിക്കുന്നതുമാണ്. ലാന്റ് ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിന് 2008-09 ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും, ഇതിൽ 3 കോടി രൂപയ്ക്ക് 2.2.2009-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(എം.എസ്) നം.66/2009/RD പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ളതു-മാണ്. കേരളത്തിൽ ആകെ 22267.86.44 ഹെക്ടർ സ്ഥലം ലാന്റ് ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ലാന്റ് ബാങ്കിൽ നിക്ഷേപിക്കപ്പെടുന്ന ഭൂമിയുടെ, വിവരങ്ങൾ വില്ലേജ്തലം മുതൽ വർഗ്ഗീകരണവും കോഡിംഗും നടത്തിയതിനു ശേഷമേ ലാന്റ് ബാങ്കിൽ നിക്ഷേപിക്കുന്ന നടപടി പദ്ധതിയിൽ വിഭാവനം ചെയ്യപ്പെടുന്ന നിലയിൽ പൂർത്തിയാക്കാൻ കഴിയൂ. സമയബന്ധിതമായി ഇതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ലാൻഡ് ബാങ്കിൽ നിക്ഷേപിക്കാനായി റിപ്പോർട്ട് ചെയ്തതിൽ നിന്നും ഇടുക്കി ജില്ലയിൽപ്പെട്ട 145 ഏക്കർ സ്ഥലം 1044 പേർക്കായി 23.2.2009-ന് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമി കർശന വ്യവസ്ഥകളോടുകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. സർക്കാർ ഭൂമിയിലുള്ള കൈയ്യേറ്റക്കാരെ സമയബന്ധിതമായി ഒഴിപ്പിച്ച് ലാന്റ് ബാങ്കിന്റെ ബോർഡുകൾ സ്ഥാപിച്ച്, കമ്പിവേലി കെട്ടി സംരക്ഷിക്കുകയും അർഹരായവർക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പതിച്ചു നൽകാവുന്ന തരിശ് ഭൂമികൾ പതിച്ചു നൽകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട | 25.2.2009ൽ |
| ചോദ്യം നമ്പർ.122 | മറുപടിക്ക് |

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശികുമാർ :<br>ശ്രീമതി.പി.അയിഷാ പോറ്റി :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ). 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 ആഗസ്റ്റ് 12-ാം തീയതി നിലവിൽ വന്നു. പ്രസ്തുത ആക്ടിന് കീഴിൽ വേണ്ട ചട്ടങ്ങൾ 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ.(പി)443/08/റവന്യൂ ഉത്തരവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആക്ടിലേയും, ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതു നിരീക്ഷിക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിരീക്ഷണ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; | (ബി) ആക്ടിന് കീഴിലുള്ള ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഓരോപഞ്ചായത്തിലും/മുനിസിപ്പാലിറ്റിയിലും/കോർപ്പറേഷനുകളിലും പ്രാദേശികതല നിരീക്ഷണ സമിതികൾ ഉടൻ തന്നെ രൂപീകരിക്കുന്നതാണ്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കൃഷിയിറക്കാതെ തരിശിട്ടിട്ടുള്ള നെൽവയലുകൾ കൃഷി ചെയ്യുന്നതിന് നിരീക്ഷണ സമിതികൾ നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (സി) പ്രാദേശികതല നിരീക്ഷണ സമിതികൾ രൂപീകരിച്ചതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) നെൽവയൽ-തണ്ണീർത്തട സംരക്ഷണം നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 123 25.02.2009 ലെ മറുപടിക്ക്

## സാമ്പത്തിക മാന്ദ്യം

ചോദ്യം

*ശ്രീ. സി. എഫ്. തോമസ്*
*പ്രൊഫ. എൻ. ജയരാജ്*
*ശ്രീ. തോമസ് ഉണ്ണിയാടൻ*

ഉത്തരം

*ധനകാര്യ മന്ത്രി*

| | | |
|---|---|---|
| എ. | സാമ്പത്തിക മാന്ദ്യം മൂലം സംസ്ഥാനത്തുണ്ടാകുന്ന പ്രതിസന്ധിയെ സംബന്ധിച്ച പഠനം നടത്തുവാനും പ്രതിവിധി നിർദ്ദേശിക്കുവാനും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിനെ നിയോഗിച്ചിരുന്നുവോ; | നിയോഗിച്ചിരുന്നു. |
| ബി. | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് എന്തൊക്കെ ശുപാർശകളാണ് ഈ വിഷയത്തിൽ ഗവൺമെന്റിന് സമർപ്പിച്ചത്; | സാമ്പത്തിക മാന്ദ്യം മൂലം സംസ്ഥാനത്തിനുണ്ടാകാൻ പോകുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രധാനമായും സാമൂഹ്യ സുരക്ഷിതത്വം വർദ്ധിപ്പിക്കുക, സാമ്പത്തിക ഉത്തേജക പദ്ധതികൾ കൈക്കൊള്ളുക, ഭരണ നിർവഹണം മെച്ചപ്പെടുത്തുക എന്നീ മൂന്നു വിഷയങ്ങളിൽ ഊന്നിയുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾ കൈക്കൊള്ളാനുള്ള ശുപാർശകളാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഈ വിഷയത്തിൽ ഗവൺമെന്റിന് സമർപ്പിച്ചത്. |
| സി. | ഈ ശുപാർശകൾ നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് സമർപ്പിച്ച റിപ്പോർട്ട് പഠിച്ച് നിർദ്ദേശങ്ങൾ നൽകുവാൻ വ്യവസായ വകുപ്പ് മന്ത്രി, കൃഷി വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, ജലവിഭവ വകുപ്പ് മന്ത്രി എന്നിവർ ഉൾപ്പെടുന്ന ഒരു മന്ത്രിസഭാ ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി ഇത് പഠിച്ച് വരികയാണ്. |

*സെക്ഷൻ ഓഫീസർ*

1

**പന്ത്രണ്ടാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 124** — **25-02-2009- ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.സി.ജോസഫ് : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട് പാക്കേജിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ; | (എ) 2008 ഓഗസ്റ്റ് മാസത്തിൽ കുട്ടനാട് പാക്കേജിന് തത്വത്തിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചശേഷം 15.10.08 ലെ സ.ഉ. (എം.എസ്) നം.169/08/എഡി അനുസരിച്ച് പാക്കേജ് നടത്തിപ്പിനായി റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന പ്രകാരം കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ, കോ-ഓർഡിനേഷൻ കമ്മിറ്റി, ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ സമിതികൾ രൂപവൽക്കരിക്കുകയുണ്ടായി. റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്ന പ്രവൃത്തികളിൽ തണ്ണീർമുക്കം ബണ്ടിന്റെയും തോട്ടപ്പള്ളി സ്പിൽവേയുടെയും പുനർ നിർമ്മാണവും പുനരുദ്ധാരണവും സംബന്ധിച്ച് പഠനം നടത്തുന്ന ചുമതല ഐ.ഐ.റ്റി ചെന്നൈ, കേരള കാർഷിക സർവ്വകലാശാല, സി.ഡബ്ല്യു.ആർ.ഡി.എം, കെ.ഇ.ആർ.ഐ എന്നീ സ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുണ്ട്. ഐ.ഐ.റ്റി. ചെന്നൈയുടെ പ്രതിനിധികൾ ഇതു സംബന്ധിച്ച് 12.12.08 ൽ കുട്ടനാട് മേഖല സന്ദർശിക്കുകയും ചെയ്തു. കുട്ടനാട് മേഖലയിലെ നദികൾ, തോടുകൾ, ജലാശയങ്ങൾ എന്നിവയുടെ പുനരുജ്ജീവനം സംബന്ധിച്ച പ്രവർത്തിയിൻമേൽ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് യോഗ്യതയും താൽപര്യവുമുള്ള ഏജൻസികളിൽ നിന്നും |

നിർദ്ദേശങ്ങൾ ക്ഷണിക്കുകയും 19 ഏജൻസികൾ അവരുടെ താൽപര്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ടിൽ ശുപാർശ ചെയ്തിരിക്കുന്നതും 50 ലക്ഷം രൂപയ്ക്ക് മുകളിൽ ചിലവ് കണക്കാക്കുന്നതുമായ പ്രവൃത്തികളിൽ 271 കോടി രൂപ ആകെ ചിലവ് വരുന്ന പദ്ധതികൾ ഇതിനോടകം അനുയോജ്യമായ കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ട്. ഇതിൽ പുറംബണ്ട് നിർമ്മാണത്തിനായി സമർപ്പിച്ച പദ്ധതികൾ സമഗ്രമായ പഠനത്തിന് ശേഷം വീണ്ടും തയ്യാറാക്കണമെന്ന് അറിയിച്ചിട്ടുണ്ട്. 50 ലക്ഷം രൂപവരെ ചിലവ് കണക്കാക്കുന്ന, സംസ്ഥാന സർക്കാർ നടപ്പാക്കേണ്ട 4.65 കോടി രൂപ ആകെ ചിലവ് വരുന്ന പദ്ധതികൾ ഒരു പാക്കേജായി നടപ്പാക്കുന്നതിനുള്ള മന്ത്രിസഭാ അനുമതി ലഭിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾക്കും ഏകീകരണത്തിനുമായി ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ പദവിയിലുള്ള ഒരു ഉദ്യോഗസ്ഥനെ കുട്ടനാട് പ്രോജക്ട് ഓഫീസറായി നിയമിച്ചിട്ടുമുണ്ട്.

| | | | |
|---|---|---|---|
| ബി) | ഇതിലേക്കായി എന്തെല്ലാം പദ്ധതികൾ ഇതിനോടകം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവെന്ന് വെളിപ്പെടുത്തുമോ ; | (ബി) | കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| സി) | ഈ പദ്ധതികൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് അനുമതി ലഭിച്ചോ ? | (സി) | തത്വത്തിൽ അംഗീകരിച്ചു എന്നല്ലാതെ പദ്ധതികൾ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക അനുമതിയോ സഹായമോ ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 125 — 25/2/2009-ൽ മറുപടിയ്ക്ക്

## 'കിസാൻ അഭിമാൻ' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. ബി. രാഘവൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) സംസ്ഥാന സർക്കാർ ആവിഷ്കരിക്കുന്ന 'കിസാൻ അഭിമാൻ' പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കേരള ജനസമൂഹത്തിന്റെ ഭക്ഷ്യാവശ്യങ്ങൾക്കായി അദ്ധ്വാനിക്കുന്ന കർഷകർക്ക് അവരുടെ ജീവിത സായാഹ്നത്തിൽ സാന്ത്വനവും സഹായ ഹസ്തവുമേകാനാണ് 'കിസാൻ അഭിമാൻ' പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 10,000 (പതിനായിരം) കർഷകർക്ക് അംഗത്വം നൽകിയും, മറ്റ് ആനുകൂല്യങ്ങൾ അനുവദിച്ചും കൂടുതൽ യുവജനങ്ങളെ കാർഷിക വൃത്തിയിലേയ്ക്ക് ആകർഷിക്കുവാനും കാർഷിക വൃത്തി ഉപജീവനമായിട്ടുള്ള കർഷകരെ ആ മേഖലയിൽ സംരക്ഷിച്ച് നിർത്തുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ബി) പദ്ധതി എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ; | (സി) | പത്ത് വർഷത്തോളം കാർഷിക വൃത്തിയിൽ വ്യാപൃതനാകുകയും, കൃഷി മുഖ്യ ഉപജീവന മാർഗ്ഗവുമായിട്ടുള്ള നെൽകൃഷി ചെയ്യുന്ന കർഷകരെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. മറ്റ് ക്ഷേമ പദ്ധതിയിൽ നിന്ന് പ്രയോജനം ലഭിക്കാത്തവരും, കൃഷിയിൽ നിന്നുള്ള വരുമാനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്നവരും ഒരു ഹെക്ടറിൽ കവിയാത്ത കൃഷിഭൂമിയുള്ള വരുമായ 60 വയസ് പൂർത്തിയായ പദ്ധതിയംഗങ്ങൾക്ക് 300 (മുന്നൂറ്) രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കുന്നതാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതുമൂലം സർക്കാരിന് പ്രതിവർഷം എന്ത് തുക ചെലവാകുമെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | 10,000 കർഷകർക്ക് പ്രതിമാസ പെൻഷൻ നൽകാനായി ഒരു വർഷത്തേക്ക് 3 കോടി 60 ലക്ഷം രൂപയും പദ്ധതിയംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് ധന സഹായം നൽകാനായി 62.50 ലക്ഷം രൂപയും കൂടിച്ചേർത്ത് പ്രതിവർഷം 4.23 കോടി രൂപ ചെലവാകുമെന്ന് കണക്കാക്കുന്നു. |
| (ഇ) | എല്ലാ വിഭാഗം കർഷകരെയും പദ്ധതിയുടെ പരിധിയിൽ കൊണ്ടു വരാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | നെൽ കർഷകരെയാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റു വിഭാഗം കർഷകരെ ഉൾപ്പെടുത്തുന്ന കാര്യം യഥാസമയം പരിഗണിക്കാനാണുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 126 — 25-02-2009-ൽ മറുപടിയ്ക്ക്

## കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

**ചോദ്യം**

ശ്രീ. സി.കെ.പി. പത്മനാഭൻ :
ശ്രീ. സി.കെ. സദാശിവൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ :
ശ്രീമതി. ജെ. അരുന്ധതി :

**മറുപടി**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) സംസ്ഥാനത്ത് കാർഷിക വിളകൾക്ക് കാലാവസ്ഥാ വ്യതിയാനംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എ) ഉണ്ട്. കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന വ്യാപകമായി കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ ഇതിന്റെ പ്രായോഗികതയും കാര്യക്ഷമതയും കൃഷിക്കാർക്കുണ്ടാകുന്ന നേട്ടങ്ങളേയും വിലയിരുത്തുന്നതിനായി 2008-09 റാബി സീസണിൽ (പുഞ്ചവിളക്കാലത്ത്) പാലക്കാട്, കാസറഗോഡ്, ജില്ലകളിൽ നടപ്പിലാക്കാൻ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

സർക്കാർ ഉത്തരവ് നമ്പർ 2722/2008/എഡി തീയതി 24.12.2008 മുഖേന നടപ്പിലാക്കി വരുന്ന കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയിൽ കാസറഗോഡ് ജില്ലയിൽ കശുമാവ് കൃഷിയ്ക്കും, പാലക്കാട് ജില്ലയിൽ നെല്ല്, മാവ് എന്നീ വിളകൾക്കും ഇൻഷ്വറൻസ് സംരക്ഷണം ലഭിയ്ക്കുന്നു.

ഓരോ വിളയുടേയും പ്രീമിയം നിരക്കും ഇൻഷ്വറൻസ് ആനുകൂല്യങ്ങളും, സംരക്ഷണം ലഭിക്കുന്ന കാലാവസ്ഥാഘടകങ്ങളും അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.

കേരള കൃഷി വകുപ്പും, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡും, ഐ.എസ്.ആർ.ഓയുടെ സഹകരണത്തോടെ സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് കാലാവസ്ഥ സ്റ്റേഷനിലൂടെയും, കാർഷിക സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ള കാലാവസ്ഥാ

സ്റ്റേഷനിലൂടെയും ലഭിക്കുന്ന കാലാവസ്ഥാ വിവരങ്ങളാണ് ആനുകൂല്യങ്ങൾ നൽകുന്നതിന് അടിസ്ഥാനമായി എടുക്കുന്നത്.

പ്രകൃതിക്ഷോഭങ്ങൾ മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്.

പ്രകൃതിക്ഷോഭങ്ങൾ മൂലവും രോഗ കീട ബാധമൂലവും ഉല്പാദനത്തിൽ ഉണ്ടാകുന്ന കുറവിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും സംസ്ഥാനത്തെ നെല്ല്, വാഴ, മരിച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നീ ആറ് വിളകൾക്ക് നടപ്പിലാക്കി വരുന്നു.

ബി) കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ കണക്കാക്കുന്നതിനുള്ള സംവിധാനം എന്താണ് ;

(ബി) കേരള കൃഷി വകുപ്പിന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും സഹകരണത്തോടെ ഐ.എസ്.ആർ.ഒ. സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക്ക് കാലാവസ്ഥാ സ്റ്റേഷനുകളെയും കേരള കാർഷിക സർവകലാശാല സ്ഥാപിച്ചിട്ടുള്ള ആട്ടോമാറ്റിക് കാലാവസ്ഥാ സ്റ്റേഷനുകളെയുമാണ് കാലാവസ്ഥാ ഘടകങ്ങൾ തിട്ടപ്പെടുത്തുന്നതിന് ആശ്രയിക്കുന്നത്.

സി) ഇൻഷ്വറൻസ് പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുമോ ;

(സി) ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2% വരെയുള്ള പ്രീമിയത്തിന്മേൽ സർക്കാർ സബ്സിഡി ലഭ്യമല്ല 2%-ൽ അധികം വരുന്ന പ്രീമിയം തുകയിന്മേൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുല്യമായി സബ്സിഡി നൽകുന്നു.

ഡി) പദ്ധതിക്ക് കേന്ദ്രസർക്കാരിൽ നിന്നും സഹായം പ്രതീക്ഷിക്കുന്നുണ്ടോ ; എല്ലാ ജില്ലകളിലും പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

(ഡി) ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2% -ൽ അധികം പ്രീമിയം കൃഷിക്കാർ നൽകേണ്ടി വരുന്ന സന്ദർഭങ്ങളിൽ 2%-ൽ അധികം വരുന്ന തുകയിന്മേൽ ഉള്ള സബ്സിഡിയുടെ 50% കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്.

2008-09 വർഷത്തിലെ റാബി വിളക്കാലം മുതൽ കേരളത്തിലെ കാസറഗോഡ്, പാലക്കാട് ജില്ലകളിൽ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചു. ഇതിന്റെ പ്രായോഗികതയും കാര്യക്ഷമതയും കൃഷിക്കാർക്കുണ്ടാകുന്ന നേട്ടങ്ങളും വിലയിരുത്തിയ ശേഷം കൃഷിക്കാർക്ക് പ്രയോജനപ്രദമാണെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റു ജില്ലകളിലേയ്ക്കും ടി പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

Snehalatha P.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 127 — 25/2/2009-ൽ മറുപടിക്ക്

## ആയിരം പച്ചക്കറി ഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.സുധാകരൻ<br>ശ്രീ. എം. മുരളി | ശ്രീ. മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പു മന്ത്രി) |
| എ) ആയിരം പച്ചക്കറി ഗ്രാമം പദ്ധതിയനുസരിച്ച് ഇതുവരെ എത്ര പച്ചക്കറി ഗ്രാമങ്ങൾ തുടങ്ങി ; ഇവയ്ക്ക് വേണ്ടി എന്തെല്ലാം സഹായം നൽകിയെന്ന് വ്യക്തമാക്കുമോ ; | എ) ആയിരം പച്ചക്കറിഗ്രാമം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 164 ഗ്രാമങ്ങളും രണ്ടാം ഘട്ടത്തിൽ 417 ഗ്രാമങ്ങളും ആരംഭിച്ചു. ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കിയ ഗ്രാമങ്ങൾക്ക് ഹെക്ടറൊന്നിന് 10,000/- രൂപ നിരക്കിൽ വിത്ത്, ജൈവവളം, ജൈവ കീടനാശിനി എന്നിവയ്ക്കായി ധന സഹായം നൽകി. രണ്ടാം ഘട്ടത്തിലും ഇതേ നിരക്കിൽ ധനസഹായം നൽകുന്നതാണ്. കൂടാതെ സസ്യസംരക്ഷണ ഉപകരണങ്ങൾ വാങ്ങാനും, ജൈവ യൂണിറ്റുകളുടെ നിർമ്മാണ ത്തിനും, സബ്സിഡിയും, ജൈവ വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 1000/- രൂപയും ധനസഹായം നൽകുന്നു. ഇതിനു പുറമേ പദ്ധതി പ്രകാരം ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണന-ത്തിനായി വിപണന കേന്ദ്രങ്ങളാരംഭിക്കുവാൻ 15,000/- രൂപ നിരക്കിൽ ധനസഹായവും. തലച്ചുമടായി പച്ചക്കറി വിപണനം ആരംഭിക്കുവാൻ 1000/- രൂപ ധന സഹായവും, ജില്ലകൾ തോറും സ്വാശ്രയ |

| | | | |
|---|---|---|---|
| | | | വിപണി തുടങ്ങുവാൻ ഒരു ലക്ഷം രൂപ ധനസഹായവും നൽകി വരുന്നു. ഇപ്രകാരം ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 421 അംഗങ്ങൾക്ക് തലച്ചുമടായി വിപണനം നടത്തുന്നതിന് ധനസഹായം നൽകി. 157 വിപണന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ധനസഹായം നൽകി. 14 സ്വാശ്രയ വിപണികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | ഇവ ഉൽപ്പാദനം ആരംഭിച്ചുവോ ; | ബി) | ആരംഭിച്ചു. |
| സി) | 2008 ഒക്ടോബർ മുതൽ 2009 ജനുവരി വരെ സംസ്ഥാനത്ത് പച്ചക്കറി ക്ഷാമം ഉണ്ടായപ്പോൾ അത് പരിഹരിക്കുവാൻ ഇവയ്ക്ക് എന്ത് സംഭാവന നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ? | സി) | 2008 ഒക്ടോബർ മുതൽ 2009 ജനുവരി വരെ പച്ചക്കറി ക്ഷാമം ഉണ്ടായപ്പോൾ ഈ ഗ്രാമങ്ങളിൽ നിന്ന് കൂടി പച്ചക്കറി സംഭരിച്ചാണ് വി.എഫ്.പി.സി.കെ.യും ഹോർട്ടികോർപ്പും കുറഞ്ഞ വിലക്കുള്ള പച്ചക്കറി കിറ്റുകളും, കുറഞ്ഞ നിരക്കിൽ പച്ചക്കറികളും ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയത്. ഓരോ പ്രാവശ്യവും രണ്ടു ലക്ഷത്തിലേറെ പച്ചക്കറി കിറ്റുകളാണ് വിതരണം ചെയ്തത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: 128 — 25.2.2009 ൽ മറുപടിയ്ക്ക്

## 'എല്ലാവരും പാടത്തേക്ക്' പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. മുരളി പെരുനെല്ലി;<br>ശ്രീ. സാജു പോൾ;<br>ശ്രീ. ജോർജ് എം. തോമസ്;<br>ശ്രീ. കെ. സി. കുഞ്ഞിരാമൻ;<br>ശ്രീമതി. ജെ. അരുന്ധതി; | : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന നെൽകൃഷി വികസന പദ്ധതിയിലും കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

***സംസ്ഥാന നെൽകൃഷി വികസന പദ്ധതികൾ:-***

1. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി - പ്രമുഖ നെൽകൃഷി മേഖലയിൽ ഉൾപ്പെട്ട ഒരു ലക്ഷം ഹെക്ടറിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഹെക്ടറിന് 1500 രൂപ ധനസഹായം നൽകുന്നു.
2. തരിശ്ശിട്ടിരിക്കുന്ന നെൽപ്പാടങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് തരിശുഭൂമി കൃഷി പദ്ധതി ഹെക്ടറിന് 5000 രൂപ ധനസഹായം നല്കി സംസ്ഥാനത്തൊട്ടാകെ 5000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നു.
3. പ്രശ്ന ബാധിത നെൽകൃഷി മേഖലകളായ പൊക്കാളി നിലങ്ങൾ കരി കോൾ നിലങ്ങൾ തുടങ്ങിയവയുടെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് നെൽകൃഷി വികസന ഏജൻസികൾക്ക് ധനസഹായം നല്കുന്ന പദ്ധതി (150 ലക്ഷം രൂപ ബന്ധ

പ്പെട്ട ജില്ലകൾക്ക് അനുവദിച്ചു കഴിഞ്ഞു).

4. നെൽകൃഷി മേഖലയിൽ ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുന്ന പദ്ധതി - യൂണിറ്റൊന്നിന് 25000 രൂപ ധനസഹായം നൽകുന്ന പദ്ധതിയിൽ 172 യൂണിറ്റുകൾ ജില്ലകൾക്കനുവദിച്ചിട്ടുണ്ട്.
5. സംസ്ഥാനത്ത് കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിന് സംസ്ഥാന വിത്തു വികസന അതോറിറ്റിക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
6. സംസ്ഥാനത്തെ എല്ലാ നെൽകർഷകർക്കും പലിശരഹിത വായ്പ നല്കുന്ന പദ്ധതി സഹകരണ വകുപ്പും കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കു ന്നു. ഈ പദ്ധതികൾക്കായി 550 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
7. <u>വിള ഇൻഷ്വറൻസ് പദ്ധതി</u>

   നെൽകർഷകർക്ക് വിള ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം നല്കുന്നതിനായി 20 ലക്ഷം രൂപ വിനിയോഗിക്കുന്നതാണ്.

ഇവ കൂടാതെ താഴെ പറയുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പാക്കി വരുന്നു.

1. പ്രദർശനത്തോട്ടം സജ്ജമാക്കൽ
2. സംയോജിത കീടനിയന്ത്രണം, സംയോജിത വളപ്രയോഗം, സൗജന്യ നിരക്കിൽ വിത്തു മിനി കിറ്റുകളുടെ വിതരണം.

2008-09 സാമ്പത്തിക വർഷത്തെ കേന്ദ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വിത്തു പ്രജനനം, സബ്സിഡി നിരക്കിൽ അത്യുല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ ലഭ്യമാക്കൽ, പ്രദർശനത്തോട്ടം സജ്ജമാക്കൽ, സംയോജിത കീടനിയന്ത്രണം,

സൗജന്യനിരക്കിൽ വിത്തുമിനികിറ്റ് വിതരണം പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി 488.87 ലക്ഷം രൂപയും വിനിയോഗിക്കുന്നതാണ്.

**<u>നോൺ പ്ലാൻ പദ്ധതികൾ:</u>**

1. സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരമുള്ള നെല്ലുസംഭരണത്തിന് 60.4128269 കോടി രൂപ സിവിൽ സപ്ലൈസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.
2. സംസ്ഥാനത്ത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് ഒരു സീസണിൽ 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നല്കുന്നതിന് 1052.19 ലക്ഷം രൂപ വിനിയോഗിക്കുന്നതിനുള്ള ഉല്പാദന ബോണസ് പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.
3. നെല്ലുൾപ്പെടെയുള്ള കാർഷിക വിളകൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിന് 2000 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് സൗജന്യ വൈദ്യുതി പദ്ധതിയും നടപ്പിലാക്കുന്നു. സംസ്ഥാനത്ത് നെൽകർഷകർക്ക് ഗ്രീൻ കാർഡു നല്കുന്ന പദ്ധതി (പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു). കൂടാതെ കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പദ്ധതിയിൽ നെൽകൃഷി വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം 1893.43 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) 'എല്ലാരും പാടത്തേക്ക് ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ :

(ബി) സംസ്ഥാനത്ത് ഭക്ഷ്യോത്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'എല്ലാരും

A/

പാടങ്ങൾക്ക് എന്ന ആശയത്തോടെ സംസ്ഥാന കൃഷി വകുപ്പ് വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഇതിൽ ഏറ്റവും പ്രധാനം വർഷങ്ങളായി തരിശ്ശിട്ടിരിക്കുന്ന നെൽപ്പാടങ്ങളിൽ വീണ്ടും കൃഷിയിറക്കുക എന്നതാണ്. രണ്ടാമതായി വിവിധ ഉല്പാദനോപാധികൾ ലഭ്യമാക്കി നെൽകൃഷിയുടെ ഉല്പാദന ക്ഷമത കൂട്ടി അതിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുക എന്നതാണ്.

(സി) ഈ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) ഉത്തരം (എ) യിൽ പരാമർശിച്ചിട്ടുള്ള വിവിധ നെൽകൃഷി വികസന പദ്ധതികൾ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം ഉൾക്കൊണ്ട് നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും നെൽകൃഷിയിടങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് ഉടനടി പരിഹാരം കണ്ടെത്തുന്നതിനുമായി കാർഷിക സർവ്വകലാശാലാ ശാസ്ത്രജ്ഞരും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും കാർഷിക അനുബന്ധ മേഖലയിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും നിരീക്ഷണ സമിതികൾ പ്രവർത്തിച്ചു വരുന്നു.

(ഡി) സംസ്ഥാനത്തെ ഇപ്പോഴത്തെ നെല്ലുല്പാദനം എത്രയാണ് ; അത് എത്രത്തോളം വർദ്ധിപ്പിക്കാനാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത് ;

(ഡി) ഡയറക്ടറേറ്റ് ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ 2006-07 ലെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്തെ നെല്ലുല്പാദനം 9.62 ലക്ഷം ടണ്ണാണ്. പ്രസ്തുത ഉല്പാദനം 12 ലക്ഷം ടണ്ണായി (8 ലക്ഷം ടൺ അരി) വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നത്. ആത്യന്തികമായി നെല്ലുല്പാദനം ഇരട്ടിപ്പിക്കുകയാണ് ലക്ഷ്യം.

(ഇ) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പിൽ കൃഷി വകുപ്പിന്റെ പങ്ക് എന്തെന്ന് വിശദമാക്കാമോ ?

(ഇ) കൃഷിവകുപ്പ്, നെൽകൃഷിയുടെയും പച്ചക്കറിയുടെയും ഉല്പാദനവർദ്ധനവിനാണ് ഊന്നൽ നല്കിയിരിക്കുന്നത്. 2011-'12 ആകുമ്പോൾ

5

അരിയുടെ ഉല്പാദനം 9.45 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കേണ്ടതുണ്ട്. നെല്ലിന്റെയും പച്ചക്കറിയുടേയും ഉല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ കിഴങ്ങുവർഗ്ഗങ്ങൾ, വാഴ, പയറുവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനത്തിലും ആനുപാതികമായ വർദ്ധനവ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പുകൾ കൈവരിക്കേണ്ടതുണ്ട്. അരിയുടെ ഉല്പാദനം 2008-09 ൽ 8 ലക്ഷം ടൺ ആയും പച്ചക്കറിയുടെ ഉല്പാദനം 2008-09 ൽ 7.5 ലക്ഷം മെട്രിക് ടൺ ആയും വർദ്ധിപ്പിക്കുന്നതിലേയ്ക്കുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 129 — 25/2/2009-ൽ മറുപടിയ്ക്ക്

### 'കിസാൻ അഭിമാൻ' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീമതി. ഇ.എസ്. ബിജി മോൾ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) 'കിസാൻ അഭിമാൻ' പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിയുടെ ഗുണം കർഷകർക്ക് എപ്പോൾ മുതൽ ലഭിച്ചു തുടങ്ങുമെന്നു വെളിപ്പെടുത്താമോ ; | (എ) 'കിസാൻ അഭിമാൻ' പദ്ധതി നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ഉടൻ തന്നെ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഈ പദ്ധതി മുഖേന കർഷകർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ ; | (ബി) 1. പത്ത് വർഷത്തോളം കാർഷിക വൃത്തിയിൽ വ്യാപൃതനാകുകയും 60 വയസ് പൂർത്തിയാകുകയും ചെയ്ത കർഷകന് 300 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ അനുവദിക്കുന്നതാണ്.<br>2. പദ്ധതിയംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 25,000 രൂപ ധനസഹായം അനുവദിക്കുന്നതാണ്. ആദ്യഘട്ടത്തിൽ പദ്ധതി അംഗത്തിന്റെ ഒരു |

| | | | |
|---|---|---|---|
| | | | മക്കൾക്ക് മാത്രമായും ഒരു വർഷം ആകെ 250 പേർക്ക് മാത്രമായും ഈ ധനസഹായം പരിമിതപ്പെടുത്തുന്നതാണ്.<br><br>3. പദ്ധതിയുടെ തുടർഘട്ടങ്ങളിൽ അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കുന്നതാണ്.<br><br>4. പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന കർഷകൻ മരണമടഞ്ഞാൽ പെൻഷന്റെ പകുതി തുക ഒരു ആശ്രിതയ്ക്ക്/ആശ്രിതന് (ഭാര്യ, അവിവാഹിതരായ മക്കൾ) കുടുംബ പെൻഷനായി അനുവദിക്കുന്നതാണ്. |
| (സി) | ഈ പദ്ധതി പ്രകാരം കർഷകർ വഹിക്കേണ്ട വിഹിതം എത്രയാണ് ; ഇത്തരമൊരു പെൻഷൻ പദ്ധതി മറ്റേതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | കർഷക വിഹിതം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത്തരം ഒരു പെൻഷൻ പദ്ധതി മറ്റേതെങ്കിലും സംസ്ഥാനത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
10-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 130 | 25.2.2009-ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ്**

**ചോദ്യം**

**ശ്രീ. എം.ജെ. ജേക്കബ്**
**ശ്രീ. കെ.കെ.ദിവാകരൻ**
**ശ്രീമതി. പി. അയിഷാ പോറ്റി**
**ശ്രീ. എം.കെ.പുരുഷോത്തമൻ**
**ശ്രീമതി. കെ.കെ. ലതിക**

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

**ഉത്തരം**

**ശ്രീ. മാത്യു .ടി. തോമസ്**
**(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. തകർച്ചയുടെ വക്കിലെത്തിയ ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ എത്തിയത്. സർക്കാർ ഗ്യാരന്റിയോടെ പ്രതിവർഷം 1000 ബസ്സുകൾ പുറത്തിറക്കി കോർപ്പറേഷന്റെ വികസനം ഉറപ്പാക്കി നഷ്ടം കുറച്ചുകൊണ്ടു വരാനുള്ള ദീർഘവീക്ഷണത്തോടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2006 ജൂൺമാസം പ്രതിദിനം 11.52 ലക്ഷം കി.മീറ്റർ സർവ്വീസ് നടത്തിയിരുന്നത് ഇപ്പോൾ പ്രതിദിനം 13.70 ലക്ഷം കി.മീറ്ററായി വർദ്ധിച്ചു. 2006 ജൂണിൽ 68.14 കോടി രൂപയാണ് വരുമാനം ലഭിച്ചിരുന്നത്. 2008 ജനുവരിയിൽ 97.75 കോടി രൂപയായി വർദ്ധിച്ചു. 28 കർണ്ണാടക, 19 തമിഴ്നാട് അന്തർ സംസ്ഥാന സർവ്വീസുകളും ജനപ്രിയ മലബാർ സർവ്വീസുകളുമുൾപ്പടെ 655 സർവ്വീസുകൾ അധികമായി ഓടിച്ചും, നിലവിലുള്ള ഷെഡ്യൂളുകൾ പുനക്രമീകരിച്ചുമാണ് ഈ നേട്ടം കൈവരിക്കാനായത്. ഈ കാലയളവിൽ 12,345 പേർക്ക് പുതിയതായി നിയമനവും നൽകി, കൂടാതെ ഡ്രൈവർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് 500 പേർക്ക് താൽക്കാലിക നിയമനം നൽകാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ജീവനക്കാരേയും, ട്രേഡ്

യൂണിയനുകളേയും വിശ്വാസത്തിലെടുത്തു പ്രവർത്തിച്ചതുമൂലമാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്.

സുരക്ഷിതവും, സുഖകരവും, വിശ്വസനീയവുമായ യാത്ര - മിതമായ നിരക്കിൽ ഉറപ്പാക്കുന്ന പ്രവർത്തനമാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. നടപ്പാക്കി കൊണ്ടിരിക്കുന്നത്. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനും സേവനം വിപുലീകരിക്കാനും തിരുവനന്തപുരം നഗരത്തിലെ യാത്രാസൗകര്യം വർദ്ധിപ്പിക്കാനുമായി 50 പുതിയ അനന്തപുരി ഫാസ്റ്റ് ബസ്സുകൾ 2009 ജനുവരി 31-ാം തീയതി ആരംഭിച്ചു. കൂടാതെ കേരളത്തിലെ എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട റൂട്ടുകളിൽ ചെയിൻ സർവ്വീസുകൾ ആരംഭിച്ചു.

സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ 5 മേഖലാ ഓഫീസുകൾ ആരംഭിച്ചു. തിരുവനന്തപുരത്ത് സിറ്റി ബസ്സുകൾക്ക് റൂട്ട് നമ്പർ നൽകി. ദീർഘദൂര സർവ്വീസുകൾക്ക് 9 ഡിപ്പോകളിൽ ഓൺലൈൻ റിസർവേഷൻ ആരംഭിച്ചു. നോട്ടിഫൈഡ് റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ആരംഭിച്ചു. അതാതു പ്രദേശത്തെ എം.എൽ.എ. മാരെ പങ്കെടുപ്പിച്ചുകൊണ്ട് പ്രതിമാസ യോഗങ്ങൾ നടത്താൻ നടപടികൾ സ്വീകരിച്ചു. സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ വിഭാഗം ജീവനക്കാർക്കും ട്രെയിനിംഗ് ആരംഭിച്ചു. പുതിയതായി വന്ന എല്ലാ ഡ്രൈവർമാർക്കും ട്രെയിനിംഗ് നൽകി. എല്ലാ കണ്ടക്ടർമാർക്കും ഒരു ദിവസത്തെ ട്രെയിനിംഗ് നൽകിക്കൊണ്ടിരിക്കുന്നു, വരുന്ന ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കുകയും ചെയ്യും. എല്ലാ യൂണിറ്റുകളിലും ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു. ദീർഘദൂര സർവ്വീസ്സിനും, അന്തർ സംസ്ഥാന ബസ് സർവ്വീസ്സിനുമായി 20 എ.സി.എയർ ബസ്സ്,

30 സൂപ്പർ ഡീലക്സ്, 3 വോൾവോ എന്നിവ നിരത്തിലിറക്കി. സർവ്വീസുകൾ മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന്റെ 5 വർക്ക് ഷോപ്പുകളും പൂർണ്ണമായി ഉപയോഗിച്ചുകൊണ്ട് 1,231 ബസ് ബോഡികൾ നിർമ്മിച്ചു. ഇതുവഴി ഓരോ ദിവസവും 575 കി.മീറ്ററോളം സർവ്വീസുകൾ അധികമായി ആരംഭിക്കുന്നുണ്ട്. കേരളത്തിലാദ്യമായി ടിക്കറ്റു നിരക്കുകൾ കുറയ്ക്കുന്നതിനും 100 കി.മീറ്ററിലധികം തുടർച്ചയായി യാത്രചെയ്യുന്നവർക്ക് നിരക്കിൽ ഇളവു നൽകുന്നതിനും സാധിച്ചു. സ്ഥിരം യാത്രക്കാർക്ക് 25% കുറഞ്ഞ നിരക്കിൽ സീസൺ ടിക്കറ്റ് പരീക്ഷണാടിസ്ഥാനത്തിൽ നൽകുന്നതാണ്. ചാർജ്ജ് കുറച്ചതിന്റെ ഭാഗമായി മൂന്ന് കോടി രൂപ കോർപ്പറേഷന് പ്രതിമാസം ഡീസലിന്റെ വില തട്ടിക്കഴിച്ച് വരുമാനത്തിൽ കുറവു വരുന്നുണ്ട്.

വരുന്ന രണ്ട് വർഷംകൊണ്ട് 2,000 ബസ്സുകൾകൂടി പുറത്തിറക്കി 6,000 ഷെഡ്യൂളുകളായി വർദ്ധിപ്പിച്ച് ഓരോ വർഷവും 5,000 പേർക്ക് പുതിയ നിയമനം നൽകി കോർപ്പറേഷനെ നവീകരിച്ചും, വികസിപ്പിച്ചും ഓരോ വർഷവും 2 ലക്ഷം കി.മീ. വർദ്ധിപ്പിച്ച് രണ്ട് വർഷം കൊണ്ട് 17.70 ലക്ഷം കി.മീറ്റർ സർവ്വീസ് ഓപ്പറേറ്റ് ചെയ്യാനുള്ള പദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളത്.

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ വന്ന ശേഷം എത്ര പുതിയബസ്സുകൾ വാങ്ങി; | (ബി) | പുതിയതായി 1,231 ബസ്സുകൾ കെ.എസ്.ആർ.ടി.സി വർക്ക്ഷോപ്പുകളിൽ നിർമ്മിച്ച് പുറത്തിറക്കി. ഇവ കൂടാതെ 20 എ.സി. ബസ്സുകളും, 3 വോൾവോ ബസ്സുകളും വാങ്ങി. ആകെ 1254 ബസുകൾ വാങ്ങി. |
| (സി) | ബസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. യാത്രക്കാരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ എല്ലാ ബസ് സ്റ്റേഷനുകളിലും ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ബസ് സ്റ്റേഷൻ യാർഡും സമയബന്ധിതമായി ടാർ |

| | | | |
|---|---|---|---|
| | വിശദാംശം വെളിപ്പെടുത്തുമോ; | | ചെയ്യാനോ, കോൺക്രീറ്റ് ചെയ്യാനോ നടപടി ആയിട്ടുണ്ട്. എല്ലാ പ്രധാന സ്റ്റേഷനുകളിലും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 30, രണ്ടാം ഘട്ടത്തിൽ 29 ബസ് സ്റ്റേഷനുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ അങ്കമാലിയിൽ പൈലറ്റ് പ്രൊജക്റ്റായി പണി ആരംഭിച്ചുകഴിഞ്ഞു. റെന്റ് ഡെപ്പോസിറ്റ് സ്കീമിൽ കാസർകോഡ്, കൊട്ടാരക്കര എന്നിവിടങ്ങളിൽ പണി ആരംഭിച്ചു കഴിഞ്ഞു. പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 62 ലക്ഷം രൂപ ഉപയോഗിച്ച് കിളിമാനൂരിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം തുടങ്ങി. ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ എന്നീ സ്ഥലങ്ങളിൽ ഉടനെ ആരംഭിക്കുന്നതാണ്. പത്തനം തിട്ട, തിരുവല്ല, കരുനാഗപ്പള്ളി എന്നീ ഡിപ്പോകളിൽ കൂടി ആരംഭിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | സർവ്വീസ് നവീകരണ പദ്ധതികൾക്ക് കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) | കെ.എസ്.ആർ.ടി.സി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിച്ചിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>തിരുവനന്തപുരം-കൊച്ചി നഗരങ്ങളിലെ ഗതാഗത തിരക്ക് കുറയ്ക്കുന്നതിന് വ്യക്തിഗതമായി ഉപയോഗിക്കുന്ന കാറുകൾ, ടു വീലറുകൾ എന്നിവയുടെ ആധിക്യം കുറച്ചു. അതിന് പകരമായി സൗകര്യപ്രദമായ, വിശ്വസനീയമായ ലോ ഫ്ളോർ ബസ്സുകൾ നിരത്തിലിറക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിയുടെ ഭാഗമായി കൊച്ചി-തിരുവനന്തപുരം നഗരങ്ങളിൽ ഉയർന്ന നിലവാരം പുലർത്തുന്ന ലോഫ്ളോർ ബസ്സുകൾ വിവിധ നഗര മേഖലകളിൽ ഓടിക്കുന്നതിനാണ് ഈ പദ്ധതി. ഇതനുസരിച്ച് കൊച്ചി നഗരത്തിൽ |

ഏകദേശം ഒരു ദിവസം അൻപതിനായിരത്തിലധികം കാറുകളുടെയും അൻപതിനായിരത്തിലധികം ടൂ വീലറുകളുടെയും ഉപയോഗം കുറയ്ക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം നഗരത്തിനും അങ്ങനെ വ്യക്തിഗത മോട്ടോർ വാഹനങ്ങളുടേയും ടൂ വീലറുകളുടേയും ഉപയോഗം കുറയ്ക്കുവാൻ കഴിയുന്നതാണ്. ഇതുമൂലം ഇന്ധനത്തിന്റെ കാര്യത്തിൽ രാഷ്ട്രത്തിന് വലിയൊരളവിൽ ചിലവ് കുറയ്ക്കാൻ സാധിക്കും. മാത്രമല്ല, ഗതാഗത തടസ്സം കുറയുന്നതോടെ നഗരങ്ങളിൽ കുറച്ചുകൂടി വേഗത്തിൽ സഞ്ചരിക്കാനാകും. കൂടാതെ അപകടങ്ങൾ കുറയ്ക്കുവാനും സാധിക്കും.

തിരുവനന്തപുരം സിറ്റിയിലേക്ക് 30 എ.സി. ബസുകളും 120 നോൺ എ.സി.ബസ്സുകളും എറണാകുളം സിറ്റിയിലേക്ക് 50 എ.സി. ബസുകളും 120 നോൺ എ.സി.ബസ്സുകളും 30 മിനി ബസ്സുകൾക്കുമുള്ള JNNURM norms പ്രകാരം ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എ.സി.ബസ്സുകൾക്ക് 70 ലക്ഷം രൂപയും നോൺ എ.സി. ബസ്സുകൾക്ക് 27 ലക്ഷവും മിനി ബസ്സുകൾക്ക് 12 ലക്ഷം രൂപയും വിലയുമാണ് കണക്കാക്കിയിട്ടുള്ളത്.

| | | | |
|---|---|---|---|
| (ഇ) | കഴിഞ്ഞ രണ്ട് വർഷത്തിനകം കാലപ്പഴക്കം ചെന്ന എത്ര വാഹനങ്ങൾ കണ്ടം ചെയ്തു എന്ന് അറിയിക്കുമോ? | (ഇ) | 507 വാഹനങ്ങൾ കണ്ടം ചെയ്തു. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 131** 25.02.2009 ലെ മറുപടിയ്ക്ക്

**13-ാം ധനകാര്യ കമ്മീഷന് സർക്കാർ സമർപ്പിച്ച നിവേദനം**

| ചോദ്യം | ഉത്തരം |
| --- | --- |
| **പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. വി. ജെ. തങ്കപ്പൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ** | **ഡോ. റ്റി. എം.തോമസ് ഐസക്,<br>ധനകാര്യ വകുപ്പുമന്ത്രി** |
| **(എ)** പതിമൂന്നാം ധനകാര്യ കമ്മീഷന് സർക്കാർ സമർപ്പിച്ച നിവേദനത്തിൽ ഉന്നയിച്ചിട്ടുള്ള പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്; | **(എ)** 13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സർക്കാർ സമർപ്പിച്ച നിവേദനത്തിന്റെ പ്രസക്ത ഭാഗങ്ങൾ ചുവടെ വിവരിക്കുന്നു.<br>(i) കേന്ദ്ര നികുതിയുടെ സംസ്ഥാനങ്ങൾക്കുള്ള വിഹിതം 30.5 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കുക. കൂടാതെ ജനസംഖ്യ (1971 കനേഷുമാരി)-70%, വരുമാന അന്തരം അഥവാ പിന്നോക്കാവസ്ഥ (1971 ലെ ജനസംഖ്യക്കനുസരിച്ച്)-10%, ഭൂവിസ്തൃതി (ക്രമപ്പെടുത്തിയത്)-5%, നികുതി കാര്യക്ഷമത (Tax effort)-10%, ഫിസ്ക്കൽ പെർഫോർമെൻസ് (Fiscal Performance)-5%, എന്നീ മാനദണ്ഡങ്ങളുടെയും വെയിറ്റേജുകളുടെയും അടിസ്ഥാനത്തിൽ കേന്ദ്രനികുതി വിഹിതം സംസ്ഥാനങ്ങൾക്കിടയിൽ വിഭജിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.<br>(ii) പദ്ധതിയേതര റവന്യൂ കമ്മി ഗ്രാന്റും പദ്ധതി റവന്യൂ കമ്മി ഗ്രാന്റും അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകണമെന്ന് കമ്മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>(iii) ഭരണഘടനയുടെ അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റ്-ഇൻ-എയ്ഡായി 32809.39 കോടി രൂപ വിവിധ വകുപ്പുകളുടെ പ്രത്യേക പ്രശ്നങ്ങൾ, സംരക്ഷണം, സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കായി ആവശ്യ പ്പെട്ടിട്ടുണ്ട്.<br>(iv) ധനകാര്യ കമ്മിഷൻ വഴിയുള്ള വിഭവവിഭജനം, കേന്ദ്ര വരുമാനത്തിന്റെ വിഹിതം ലഭിക്കാനുള്ള സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ ഒരു അവകാശത്തിന്റെ പ്രതിഫലനമാകയാൽ ഇതിന് |

കേന്ദ്ര മന്ത്രാലയങ്ങളുടെ കർശന നിബന്ധനകൾ ഏർപ്പെടുത്താൻ പാടില്ല.

(v) സംസ്ഥാനങ്ങളുടെ പരിധിയിൽ വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ കുറച്ചുകൊണ്ടു വരുകയോ സംസ്ഥാന പദ്ധതിയിലേക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്. കൂടാതെ, ഗാഡ്ഗിൽ ഫോർമുല പ്രകാരമുള്ള സാധാരണ കേന്ദ്രസഹായത്തിന് (NCA) ചരടുകളൊന്നു മില്ലാത്തതിനാലും അതേസമയം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സഹായം വിവേചനപരവും നിബന്ധനകൾക്ക് വിധേയവുമാണെന്നതിനാലും സാധാരണ കേന്ദ്രസഹായം വർദ്ധിപ്പിക്കേണ്ടതും അത് പൂർണ്ണമായും ഗാഡ്ഗിൽ ഫോർമുല പ്രകാരം മാത്രം നൽകേണ്ടതുമാണ്.

(vi) പൊതു വിപണിയിൽ നിന്നുള്ള കടമെടുപ്പിന്റെ സംസ്ഥാനങ്ങളുടെ വിഹിതം ഇപ്പോൾ ഏകദേശം 20% ആണ്. ഈ വിഹിതം 2010-11 ൽ 33.33%-വും 2014-15 ഓടെ 50%-ആയും ഉയർത്തേണ്ടതാണ്. സാധാരണ കേന്ദ്രസഹായത്തിന്റെ (NCA) ഗ്രാന്റ് ഭാഗം 30 ശതമാനത്തിൽ നിന്നും 50 ശതമാനമായി വർദ്ധിപ്പിക്കേണ്ടതാണ്. എല്ലാമുൻകാല കേന്ദ്ര വായ്പകളും അതിന്റെ പലിശയും എഴുതി തള്ളേണ്ടതുമാണ്.

(vii) സംസ്ഥാനങ്ങളിലെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ആകെ ചെലവ് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (GDP) 1.5%-ൽ നിന്ന് 5%-മായി ഉയർത്തേണ്ടതും ഇതിന്റെ അധിക തുകയുടെ പകുതി എല്ലാ സംസ്ഥാന ങ്ങളിലെയും തദ്ദേശ സ്വയംഭരണ സർക്കാരുകൾ ശക്തിപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാന സർക്കാരുകൾക്ക് അനുച്ഛേദം 275 പ്രകാരമുള്ള ഗ്രാന്റായി നൽകേണ്ടതുമാണ്.

(viii) കടലാക്രമണം, ഇടിമിന്നൽ, വെള്ളക്കെട്ട് എന്നിവ പ്രകൃതി ദുരന്തങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ix) ദുരിതാശ്വാസനിധിയുടെ കോർപ്പസ് (corpus) ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ വാർഷിക പദ്ധതിയുടെ 10%-മായി ഉയർത്തേണ്ടതും ഇതിന്റെ കേന്ദ്രവിഹിതം 75 ൽ നിന്നും 90 ശതമാനമായി ഉയർത്തേണ്ടതുമാണ്.

(x) എൻ.സി.സി.എഫ് (NCCF)-ന്റെ കോർപ്പസ് നിലവിലുള്ള 500 കോടിയിൽ നിന്ന് 1000 കോടിയായി ഉയർത്തുക.

13-ാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്റെ പൂർണരൂപം ധനകാര്യ വകുപ്പിൽ ലഭ്യമാണ്.

| | |
|---|---|
| **(ബി)** കേന്ദ്ര നികുതിവിഹിതം വർദ്ധിപ്പിച്ച് നൽകുന്നതിന് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ; | **(ബി)** ഉണ്ട്. |
| **(സി)** കമ്മി നികത്തുന്നതിന് പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; | **(സി)** ഉണ്ട്. |
| **(ഡി)** കേരളം ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ പ്രത്യേക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനോട് കമ്മീഷന്റെ പ്രതികരണം എന്തായിരുന്നു; | **(ഡി)** ഉണ്ട്. പതിമൂന്നാം ധനകാര്യ കമ്മീഷൻ അവരുടെ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് രാഷ്ട്രപതിയ്ക്ക് സമർപ്പിച്ചിട്ടില്ല. |
| **(ഇ)** പെൻഷൻ പ്രായം ഉയർത്തണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ യൂസേഴ്സ് ചാർജ് ഈടാക്കണമെന്നുമുള്ള കമ്മീഷന്റെ നിർദ്ദേശത്തോട് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ? | **(ഇ)** ഈ വിഷയങ്ങളിൽ നിലവിലുള്ള രീതിയിൽ മാറ്റം വരുത്തുന്ന തീരുമാനങ്ങളൊന്നും ഇതുവരെ എടുത്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ 132 — 25.02.09 ൽ മറുപടിയ്ക്ക്

## ഓട്ടോ, ബസ്, ടാക്സി നിരക്കുകൾ

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. കെ. സുധാകരൻ<br>ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ഡീസലിന്റെയും പെട്രോളിന്റെയും വില കുറച്ച സാഹചര്യത്തിൽ ബസ്-ഓട്ടോ-ടാക്സി നിരക്കുകൾ കുറയ്ക്കുവാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ ;<br>ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ) യും ബി) യും<br>ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ 12.2.2009 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 25/09/ട്രാൻ പ്രകാരം ബസ്ചാർജ്ജ് കുറച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 17.02.2009 മുതൽ ചാർജ്ജ് കുറവ് നിലവിൽ വന്നു കഴിഞ്ഞു. വിജ്ഞാപനം അനുബന്ധം 1 ആയി വച്ചിരിക്കുന്നു. നിലവിലുള്ള ഓട്ടോറിക്ഷാ/ടാക്സി യാത്രാനിരക്കും കുറച്ചുകൊണ്ട് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. |
| സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ എത്ര രൂപ വീതം ബസ് ചാർജ് വർദ്ധിപ്പിച്ചുവെന്നും ഈ അവസരങ്ങളിൽ ഡീസൽ വില നിരക്ക് എത്ര ആയിരുന്നുവെന്നും വെളിപ്പെടുത്തുമോ ? | സി) 11.07.2008 ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 30/2008/ട്രാൻ പ്രകാരം ഒരു തവണ മാത്രമാണ് ബസ്ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. അന്ന് നിലവിലുണ്ടായിരുന്ന നിരക്കും വർദ്ധിപ്പിച്ച നിരക്കും സംബന്ധിച്ച വിജ്ഞാപനങ്ങൾ അനുബന്ധം 2 ആയി വച്ചിട്ടുണ്ട്. അന്നത്തെ ഡീസൽ വില ലിറ്ററിന് 37 രൂപ 02 പൈസ ആയിരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 133** | **25.02.2009- ൽ മറുപടിക്ക്.**

### റവന്യൂ അദാലത്തുകൾ

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. രാജു<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ.വി.എസ്.സുനിൽകുമാർ<br>ശ്രീ.എ.കെ.ചന്ദ്രൻ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>ബഹു. റവന്യൂ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് റവന്യൂ അദാലത്തുകൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. 2008 ഡിസംബർ, 2009 ജനുവരി മാസങ്ങളിലായി താലൂക്ക് തല റവന്യൂ അദാലത്തുകൾ നടന്നിട്ടുണ്ട്. |
| (ബി) ഇതിനകം എത്ര റവന്യൂ അദാലത്തുകൾ നടത്തി, എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിച്ചു; | (ബി) സംസ്ഥാനത്തെ 63 താലൂക്കുകളിലായി ഏകദിന അദാലത്തുകൾ നടത്തി. ജനകീയ അദാലത്തുകളിൽ 63 താലൂക്കുകളിലുമായി 44,480 പരാതികൾ സ്വീകരിച്ച് 33,863 പരാതികൾക്ക് അപ്പോൾതന്നെ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. അതുകൂടാതെ 52,050 പോക്കുവരവ് കേസ്സുകളിലും 4,481 സി.എം.ഡി.ആർ.എഫ് അപേക്ഷകളിലും 7,095 പ്രകൃതിക്ഷോഭ ദുരിതാശ്വാസ അപേക്ഷകളിന്മേലും 4,452 ദേശീയ കുടുംബക്ഷേമ അപേക്ഷകളിലും തീരുമാനം എടുത്തിട്ടുണ്ട്. അദാലത്തുകളിൽ 79,431 ജാതി സർട്ടിഫിക്കറ്റ് അപേക്ഷകളിലും 4,527 അവകാശ സർട്ടിഫിക്കറ്റ് അപേക്ഷകളിലും തീരുമാനം എടുത്തിട്ടുണ്ട്. അദാലത്തുകളിൽ മാത്രം 2,059 ഭൂമി പതിവ് അപേക്ഷകളും തീർപ്പാക്കി. അതോടൊപ്പം തന്നെ താലൂക്ക് തലത്തിൽ കുടിശ്ശികയുണ്ടായിരുന്ന 1,07,267 ഫയലുകളിലും തീർപ്പുകൽപ്പിച്ചു. |

(സി) വില്ലേജുകളിൽ ജനകീയസഭകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര ജനകീയ സഭകൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജുകളിൽ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. 916 വില്ലേജ്തല ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഈ ജനകീയ സഭകളുടെ ചുമതലക്കാർ ആരാണെന്നും അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങളും വെളിപ്പെടുത്തുമോ?

(ഡി) വില്ലേജുതല ജനകീയ സമിതികളുടെ കൺവീനർ വില്ലേജാഫീസറും വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികൾ, വില്ലേജ് പരിധിയിൽ വരുന്ന ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി അംഗങ്ങൾ, വില്ലേജ് പരിധിയിൽ വരുന്ന പാർലമെന്റ് അംഗത്തിന്റെ പ്രതിനിധി, വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗത്തിന്റെ പ്രതിനിധി എന്നിവർ അംഗങ്ങളുമായിരിക്കും. സംസ്ഥാനത്തെ ഭൂസംരക്ഷണ, ഉപയോഗ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുക, ഇക്കാര്യത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുക, പൊതുജനങ്ങളുടെ ഭൂമിസംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, പൊതുജനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്തെ വില്ലേജാഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് ജനകീയ സമിതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ.

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
10-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 134 — 25.2.2009-ൽ മറുപടിക്ക്

നഗരങ്ങളിലെ പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ.ദിവാകരൻ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ..കെ.വി.കുഞ്ഞിരാമൻ<br>ശ്രീ വി. ചെന്താമരാക്ഷൻ<br>ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. മാത്യു .ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതി നടപ്പാക്കിയ നഗരങ്ങളിലെ പൊതുഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പദ്ധതി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെച്ചപ്പെട്ട ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിന് കെ.എസ്.ആർ.ടി.സി എന്തെങ്കിലും പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; | (എ) കെ.എസ്.ആർ.ടി.സി കേന്ദ്ര ഗവൺമെന്റിന് പദ്ധതി സമർപ്പിച്ചിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) തിരുവനന്തപുരം-കൊച്ചി നഗരങ്ങളിലെ ഗതാഗത തിരക്ക് കുറയ്ക്കുന്നതിന് വ്യക്തിഗതമായി ഉപയോഗിക്കുന്ന കാറുകൾ, ടൂ വീലറുകൾ എന്നിവയുടെ ആധിക്യം കുറച്ചു. അതിന് പകരമായി സൗകര്യപ്രദമായ, വിശ്വസനീയമായ ലോ ഫ്ളോർ ബസ്സുകൾ നിരത്തിലിറക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിയുടെ ഭാഗമായി കൊച്ചി-തിരുവനന്തപുരം നഗരങ്ങളിൽ ഉയർന്ന നിലവാരം |

പുലർത്തുന്ന ലോഫ്ളോർ ബസ്സുകൾ വിവിധ നഗര മേഖലകളിൽ ഓടിക്കുന്നതിനാണ് ഈ പദ്ധതി. ഇതനുസരിച്ച് കൊച്ചി നഗരത്തിൽ ഏകദേശം ഒരു ദിവസം അൻപതിനായിരത്തിലധികം കാറുകളുടെയും അൻപതിനായിരത്തിലധികം ടു വീലറുകളുടെയും ഉപയോഗം കുറയ്ക്കുവാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. തിരുവനന്തപുരം നഗരത്തിനും അങ്ങനെ വ്യക്തിഗത മോട്ടോർ വാഹനങ്ങളുടേയും ടു വീലറുകളുടേയും ഉപയോഗം കുറയ്ക്കുവാൻ കഴിയുന്നതാണ്. ഇതുമൂലം ഇന്ധനത്തിന്റെ കാര്യത്തിൽ രാഷ്ട്രത്തിന് വലിയൊരളവിൽ ചിലവ് കുറയ്ക്കാൻ സാധിക്കും. മാത്രമല്ല, ഗതാഗത തടസ്സം കുറയുന്നതോടെ നഗരങ്ങളിൽ കുറച്ചുകൂടി വേഗത്തിൽ സഞ്ചരിക്കാനാകും. കൂടാതെ അപകടങ്ങൾ കുറയ്ക്കുവാനും സാധിക്കും.

(സി) നഗര ഗതാഗതം ആധുനികവൽക്കരിക്കുന്നതിനായി എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്;

(ഡി) ഗതാഗത പദ്ധതി നടപ്പാക്കുന്നതിന് വേണ്ട അനുമതിയും ഫണ്ടും നേടിയെടുക്കുന്നതിനു ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ

<u>(സി) യും (ഡി) യും</u>

തിരുവനന്തപുരം സിറ്റിയിലേക്ക് 30 എ.സി. ബസുകളും 120 നോൺ എ.സി.ബസ്സുകളും എറണാകുളം സിറ്റിയിലേക്ക് 50 എ.സി. ബസുകളും 120 നോൺ എ.സി.ബസ്സുകളും 30 മിനി ബസ്സുകൾക്കുമുള്ള JNNURM norms പ്രകാരം ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എ.സി.ബസ്സുകൾക്ക് 70 ലക്ഷം രൂപയും നോൺ എ.സി. ബസ്സുകൾക്ക് 27 ലക്ഷവും മിനി ബസ്സുകൾക്ക് 12 ലക്ഷം രൂപയും വിലയുമാണ് കണക്കാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **135** 25/02/2009 ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. പി. മോഹനൻ:<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ:<br>ശ്രീ. എം. കെ. പ്രേംനാഥ്:<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഭൂമി കേരളം പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) നാലു പതിറ്റാണ്ടുകളായി തുടരുന്ന സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് 'ഭൂമികേരളം'. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 17/10/2008ലെ ജി.ഒ. (എം. എസ്) 346/08/റവന്യൂ ഉത്തരവ് പ്രകാരം കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ രൂപീകരിച്ചിട്ടുണ്ട്. മിഷൻ ഡയറക്ടറായി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയേയും അഡീഷണൽ മിഷൻ ഡയറക്ടറായി സർവ്വേ ഡയറക്ടർ, മിഷൻ സ്പെഷൽ ഓഫീസറായി സർവ്വേ അസിസ്റ്റന്റ് സെക്രട്ടറിയേയും നിയമിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തെ റീസർവ്വേ മൂന്നു വർഷം കൊണ്ട് പൂർത്തിയാക്കുക എന്നതാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. സർക്കാർ ഭൂമി നാളതീകരിക്കുകയും സ്വകാര്യഭൂമി അളന്നു തിട്ടപ്പെടുത്തുകയും പദ്ധതി ലക്ഷ്യങ്ങളിൽപ്പെടുന്നു. ആദിവാസി വനാവകാശ നിയമപ്രകാരം ആദിവാസി വനഭൂമി സർവ്വേ ചെയ്ത് വിതരണത്തിന് കൈമാറുക, ഹാരിസൺ മലയാളം ഭൂമി സർവ്വേ ചെയ്ത് കയ്യേറ്റങ്ങൾ കണ്ടെത്തുക, തിരുവനന്തപുരം താലൂക്കിലെ മുഴുവൻ വില്ലേ |

| | |
|---|---|
| | ജുകളിലും റീസർവ്വേ പൂർത്തിയാക്കുക എന്നിവ പദ്ധതിയിൻകീഴിൽ മുൻഗണന നൽകി ഏറ്റെടുക്കും. ആധുനിക സർവ്വേ ഉപകരണങ്ങളായ ഏരിയൽ ഫോട്ടോഗ്രാമട്രി, ജി. പി. എസ്, കമ്പ്യൂട്ടർ, ടോട്ടൽ സ്റ്റേഷൻ എന്നിവയുടെ സഹായത്തോടെയായിരിക്കും സർവ്വേ നടത്തുക. സർവ്വേയുടെ ഓരോ ഘട്ടത്തിലും സുതാര്യതയും ജനപങ്കാളിത്തവും ഉറപ്പു വരുത്തുവാൻ പദ്ധതി വിഭാവനം ചെയ്യുന്നുണ്ട്. ആദിവാസികൾ ഉൾപ്പെടെ 5000-ഓളം യുവാക്കൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പ്രവൃത്തിപരിചയം നൽകും. ഭൂരേഖകൾ കമ്പ്യൂട്ടറൈസ് ചെയ്ത് ആർക്കും ആരുടേയും ഭൂമിയുടെ വിവരങ്ങൾ ലഭ്യമാക്കും. ഭൂമി ക്രയവിക്രയം ചെയ്യുമ്പോഴുണ്ടാകുന്ന മാറ്റങ്ങൾ അപ്പപ്പോൾ റവന്യൂ രേഖകളിൽ കൊണ്ടു വരുന്നതിനായി എല്ലാ വില്ലേജ് ഓഫീസുകളും രജിസ്ട്രേഷൻ ഓഫീസുകളുമായി ബന്ധപ്പെടുത്തും. ഇപ്രകാരം കൃത്യമായ റീസർവ്വേ റിക്കാർഡുകൾ ഉണ്ടായിക്കഴിഞ്ഞാൽ ഭൂമി സംബന്ധമായ വ്യവഹാരങ്ങളും തർക്കങ്ങളും പരിഹരിക്കുവാനും കുറ്റമറ്റ രീതിയിലും സുതാര്യമായും റിക്കാർഡുകൾ പരിപാലിക്കുന്നതിനും ഭൂമാഫിയകളെ നിലയ്ക്കു നിർത്തുന്നതിനും സാധ്യമാകും |
| (ബി) പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; | (ബി) പദ്ധതി നടപ്പിലാക്കുവാൻ ചീഫ് സെക്രട്ടറിയുടെ കീഴിൽ പ്രത്യേകം എംപവേർഡ് കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര വനാവകാശ നിയമപ്രകാരം ആദിവാസി വനഭൂമി സർവ്വേ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്തു.<br>വയനാട് ജില്ലയിലെ മാനന്തവാടി, ബത്തേരി താലൂക്കുകളിൽ 1800 ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനായി 183 ആദിവാസി കോളനികളിലായി 1600 ഓളം ഏക്കർ |

ഭൂമി അളന്ന് തിട്ടപ്പെടുത്തി.

വൈത്തിരി താലൂക്കിൽ 30 കോളനികളിലെ സർവ്വേ 80 ശതമാനം പൂർത്തിയായിക്കഴിഞ്ഞു. മാർച്ച് 15 ഓടെ സർവ്വേ പൂർത്തിയാകും. ഇതോടെ 2500 ഓളം ആദിവാസികൾക്ക് കേന്ദ്രനിയമ പ്രകാരം ഭൂമി നൽകാൻ കഴിയും.

കണ്ണൂർ ജില്ലയിൽ ആദിവാസി വനഭൂമി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഈ വർഷാവസാനത്തോടെ 37,000 ആദിവാസി കുടുംബങ്ങൾക്ക് വനാവകാശ രേഖ നൽകാൻ കഴിയും വിധത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

| | |
|---|---|
| (സി) ഭൂമികേരളം പദ്ധതിയുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ? | (സി) ടോട്ടൽ സ്റ്റേഷൻ, ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി. പി. എസ്) തുടങ്ങിയ ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏരിയൽ ഫോട്ടോഗ്രാഫിക് സർവ്വേ പോലുള്ള നൂതന സാങ്കേതിക വിദ്യകളും അവലംബിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ
10-ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ : 136 | 25.2.2009-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. കൊറിയർ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. മാത്യു .ടി. തോമസ് (ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ആർ.ടി.സി കൊറിയർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും (ഡി) യും<br><br>കൊറിയർ പദ്ധതി നടപ്പിലാക്കുവാൻ വേണ്ടി ലേലം/ടെണ്ടർ നടപടി സ്വീകരിച്ചുവെങ്കിലും മതിയായ യോഗ്യതയുള്ള വ്യക്തിയെയോ/സ്ഥാപനത്തെയോ ലഭിയ്ക്കാത്തതിനാൽ നടപ്പിൽ വരുത്തിയിട്ടില്ല. |
| (ബി) എങ്കിൽ ഇതിന്റെ പ്രവർത്തന രീതി വിശദീകരിക്കാമോ; | |
| (സി) പദ്ധതി പൂർണ്ണ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ; | |
| (ഡി) കൊറിയർ പദ്ധതി പ്രാവർത്തികമാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 137** 25-02-09 ൽ മറുപടിക്ക്

നികുതി വെട്ടിപ്പ്

ചോദ്യം:

ശ്രീ.എ.സി.മൊയ്തീൻ :
ശ്രീ.എം.ചന്ദ്രൻ :
ശ്രീ.രാജു എബ്രഹാം:
ശ്രീ.എം.എം.മോനായി :
ശ്രീ.അൽഫോൺസ് കണ്ണന്താനം :

(എ) നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി ചോർച്ച കുറയ്ക്കുന്നതിനുമായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

ഉത്തരം:

ഡോ. റ്റി.എം. തോമസ് ഐസക്
(ധനകാര്യ വകുപ്പ് മന്ത്രി)

(എ) നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തി നികുതി വെട്ടിപ്പ് തടയുവാനുതകുന്ന ഒട്ടേറെ നൂതനപദ്ധതികൾ വാണിജ്യനികുതി വകുപ്പിൽ ഇക്കഴിഞ്ഞ രണ്ടരവർഷങ്ങളായി നടപ്പിലാക്കി വരുന്നു. അതിർത്തി കടക്കുന്ന ചരക്കുകളുടെ കണക്ക് ചെക്ക്പോസ്റ്റുകളിലൂടെ ശേഖരിച്ച്, ശാസ്ത്രീയ വിശകലനത്തിനു വിധേയമാക്കി പ്രഥമദൃഷ്ട്യാ നികുതിവെട്ടിപ്പ് പ്രതിഫലിക്കുന്ന കച്ചവടസ്ഥാപനങ്ങൾ പരിശോധനക്ക് വിധേയമാക്കിയും നികുതിവെട്ടിപ്പിനുള്ള പഴുതുകൾ പരമാവധി ഇല്ലാതാക്കാനുള്ള ശ്രമം ഫലപ്രദമായി നടത്തുന്നു. സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കാനുള്ള സർക്കാർനയത്തിന്റെ പ്രാരംഭ ഘട്ടമായി നടപ്പാക്കിയ അഴിമതി രഹിത വാളയാർ പദ്ധതി സമ്പൂർണ്ണ വിജയമാണ്. ചെക്ക്പോസ്റ്റുകളിൽ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്കായുള്ള പ്രത്യേക പരിശീലന പരിപാടികൾ, പോലീസ് സംരക്ഷണം ഉറപ്പാക്കാൻ, സോഷ്യൽ ആഡിറ്റിംഗ്, പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും കമ്പ്യൂട്ടർ സംവിധാനം, ഇലക്ട്രോണിക് വെയ്ബ്രിഡ്ജ് സ്ഥാപിക്കൽ, കാലതാമസം

ഒഴിവാക്കാനുള്ള ഗ്രീൻ ചാനൽ സംവിധാനം, പോസ്റ്റൽ ഡിപ്പാർട്ട്മെന്റിന്റെ സഹായത്തോടെയുള്ള ഡിക്ലറേഷൻ വിതരണ സമ്പ്രദായം, ഹെൽപ് ഡെസ്ക് സേവനം തുടങ്ങിയവ നികുതിപിരിവ് വർദ്ധിപ്പിക്കുവാനുള്ള തീവ്രശ്രമത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ പ്രധാനപ്പെട്ട നടപടികളാണ്. മഞ്ചേശ്വരം ചെക്ക്പോസ്റ്റ് അഴിമതിരഹിത അന്തരീക്ഷം സംജാതമാക്കാനുള്ള തീവ്രയത്നത്തിലാണ് വകുപ്പ്.

വാണിജ്യനികുതി ഓഫീസുകളിലെ കാര്യക്ഷമത വർദ്ധിപ്പിച്ച് നികുതി വരുമാനം ഉയർത്താനും മുഴുവൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു.

ഇന്റലിജൻസ് വിഭാഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 100 ഇൻസ്പെക്ടർമാരെ പുതുതായി നിയമിക്കുകയും ഇന്റലിജൻസ് വിഭാഗത്തിന്റെ ഘടന, നികുതി വെട്ടിപ്പ് പരമാവധി തടയാനുതകുന്ന രീതിയിൽ ക്രമീകരിക്കുകയും ചെയ്തു. പാലക്കാട്ടെ ചെക്ക്പോസ്റ്റുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് 36 വാണിജ്യനികുതി ഇൻസ്പെക്ടർ, 6 ക്ലാർക്ക്, 43 ശിപായി എന്നീ തസ്തികകൾ സൃഷ്ടിച്ചു. ഇതുകൂടാതെ അഴിമതി സംബന്ധിച്ച സുതാര്യമായ റിപ്പോർട്ട് ലഭ്യമാക്കുന്ന പത്രമാധ്യമങ്ങൾക്ക് പാരിതോഷികം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഈ വർഷത്തെ നികുതി വരുമാനത്തിൽ മുൻ വർഷത്തേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) 31.1.2009 വരെയുള്ള കണക്കനുസരിച്ച് മുൻവർഷത്തേക്കാൾ 24% വർദ്ധനവ് നികുതി വരുമാനത്തിൽ ഉണ്ടായിട്ടുണ്ട്.

2007-08 സാമ്പത്തിക്‌വർഷത്തിൽ

31.1.2008 വരെ പിരിച്ചത് - 7392.64 കോടി രൂപ.

2008- 09 സാമ്പത്തിക വർഷത്തിൽ

31.1.2009 വരെ പിരിച്ചത് - 9134.77 കോടി രൂപ

വർദ്ധനവ് 1742.13 കോടി രൂപ.

(സി) വ്യാപാരികൾ ഇ-ഫയലിംഗ് മുഖേന നികുതി അടച്ചതുമൂലം എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) ഉണ്ടായിട്ടുണ്ട്. വ്യാപാരികളുടെ ക്രയവിക്രയങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം കമ്പ്യൂട്ടറിൽ ലഭ്യമാകുന്നതു മൂലം ഇവ ചെക്ക്പോസ്റ്റ് ട്രാൻസാക്ഷനുമായി ക്രോസ്ചെക്ക് ചെയ്യുന്നതിന് സാധിക്കുന്നു. ഇതിന് ഉപരിയായി അന്തർസംസ്ഥാന വ്യാപാര വാണിജ്യ അടിസ്ഥാനത്തിലുള്ള ക്രയവിക്രയങ്ങൾ, സംസ്ഥാനത്തിനകത്ത് ഉള്ളവ കൂടാതെ വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ക്രോസ്ചെക്ക് ചെയ്യുന്നതിനും റിട്ടേൺ സ്ക്രൂട്ടിണി കാര്യക്ഷമമാക്കുന്നതിനും സഹായിക്കുന്നു. തദ്വാര നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുന്നതും ആയതിലൂടെ സ്വയം ടാക്സ് കംപ്ലയൻസ് വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

(ഡി) ചെക്ക് പോസ്റ്റുകളിലെ അഴിമതി ഫലപ്രദമായി തടയാൻ നടപടി സ്വീകരിക്കുമോ ?

(ഡി) സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ മുഴുവൻ അഴിമതി വിമുക്തമാക്കുന്നതിന്റെ ഭാഗമായി അഴിമതിരഹിത വാളയാർ, അഴിമതി വിമുക്ത മഞ്ചേശ്വരം പദ്ധതികൾക്ക് രൂപം നൽകുകയും അവ കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ചെക്ക്പോസ്റ്റിന്റെ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും സുതാര്യമാക്കാനും സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം നടപ്പിലാക്കി. പാലക്കാട് ജില്ലയിലെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നേരിട്ടുപരിശോധിക്കുകയും ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവൃത്തികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. പോലീസ് സഹായം ആവശ്യമുള്ള

ചെക്ക്പോസ്റ്റുകളിൽ അവ ഏർപ്പെടുത്തിയിട്ടുണ്ട്. അഴിമതിരഹിത ചെക്ക്പോസ്റ്റുകളിൽ നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് പ്രത്യേകം പരിശീലനം നൽകുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും കമ്പ്യൂട്ടർ സ്ഥാപിച്ച് ഓൺലൈൻ ഡാറ്റാ എൻട്രി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കി, അഴിമതിയ്ക്കുള്ള പഴുതുകൾ പരമാവധി ഒഴിവാക്കിയിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി വാളയാർ സംയോജിത ചെക്ക്പോസ്റ്റിലേക്കായി വാണിജ്യനികുതി വകുപ്പിന് 87 പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *138** — 25/02/2009-ൽ മറുപടിക്ക്

## ഭൂരഹിതർക്ക് ഭൂമി വിതരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി:**<br>**ശ്രീ.** ബി. രാഘവൻ:<br>**ശ്രീ.** എസ്. രാജേന്ദ്രൻ:<br>**ശ്രീ.** കെ.സി. കുഞ്ഞിരാമൻ:<br>**ശ്രീ.** സി.എച്ച്. കുഞ്ഞമ്പു: | **ശ്രീ. കെ.പി. രാജേന്ദ്രൻ)**<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ **വന്നതിനുശേഷം** വിവിധ വിഭാഗങ്ങളിലെ ഭൂരഹിതർക്ക് **ഭൂമി വിതരണം** ചെയ്യുന്നതിനായി **സ്വീകരിച്ച** നടപടികൾ **വിശദമാക്കുമോ;** | **(എ)ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സർക്കാരിലേക്ക്** ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി, പതിച്ചു നൽകാവുന്ന സർക്കാർ ഭൂമി എന്നിവയിൽ ഭൂരഹിത കർഷകത്തൊഴിലാളികൾ, ദരിദ്രർ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽ പ്പെട്ടവർ എന്നിവർക്ക് പട്ടയം നൽകുന്നതിനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 2007-08 കാലയളവിൽ സംസ്ഥാനത്ത് സംഘടിപ്പിക്കപ്പെട്ട പട്ടയ മേളകളിൽ കൂടിയാണ് ഭൂമി വിതരണം ചെയ്തത്. ഇത്തരത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം 2008 വർഷാവസാനം വരെ 1099 ഏക്കർ മിച്ചഭൂമി 6749 കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 37898 വിവിധയിനം പട്ടയങ്ങളും നൽകി. കൂടാതെ ആദിവാസി സെറ്റിൽമെന്റ് കോളനികളിലെ കുടുംബങ്ങൾക്ക് ഉൾപ്പെടെ 20,098 പേർക്ക് കൈവശരേഖയും നൽകി. ഭൂരഹിതരായ ആദിവാസികൾക്ക് വിതരണത്തിനുള്ള ഭൂമി കണ്ടെത്തുന്നതിനുള്ള ഊർജ്ജിത നടപടികൾ പുതിയ കേന്ദ്ര നിയമത്തിന്റെ പരിധിക്കുള്ളിൽ സ്വീകരിച്ചു വരികയാണ്.<br>ഇതു കൂടാതെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്തതിൽ വിതരണയോഗ്യമായ ഭൂമിയും തോട്ടം തൊഴിലാളികൾ ഉൾപ്പെടെയുള്ള ഭൂരഹിതർക്ക് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 23.02.09 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മൂന്നാറിൽ നിർവ്വഹിക്കുകയുണ്ടായി. 1044 പേർക്കാണ് ആദ്യഘട്ടത്തിൽ മൂന്നാർ മേഖലയിൽ മാത്രം വിതരണം ചെയ്തത്. |
| (ബി) **സർക്കാരിന്റെ** ലാന്റ് ബാങ്കിൽ **ഇപ്പോൾ എത്ര** ഏക്കർ ഭൂമിയാണ് **ഉള്ളത്;** | (ബി) 55024.46 ഏക്കർ സ്ഥലം ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ജില്ലാ കളക്ടർമാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഈ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ഈ ഭൂമി അർഹതപ്പെട്ട ഭൂരഹിതർക്ക് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം വിതരണം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) ഭൂമി വിതരണം ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണ്; | (ഡി) സംസ്ഥാനത്തെ അർഹരും ഭൂരഹിതരുമായ പാവപ്പെട്ടവർക്ക് കേരള ഭൂപതിവ് ചട്ടങ്ങൾ 1964 പ്രകാരമാണ് ലാൻറ് ബാങ്കിൽ നിക്ഷേപിക്കപ്പെട്ട പതിച്ചു നൽകാവുന്ന ഭൂമി വിതരണം ചെയ്യുന്നത്. |
| (ഇ) ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കുകൂടി ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) നിയമപ്രകാരമുള്ള അർഹതക്കനുസരിച്ച് ഭൂരഹിതരായ തോട്ടം തൊഴിലാളികൾക്കു കൂടി ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 139</u> <u>25-02-2009 ൽ മറുപടിക്ക്</u>

<u>റോഡ് സുരക്ഷയ്ക്കുള്ള പദ്ധതികൾ</u>

ചോദ്യം:
ശ്രീ. ബി.ഡി.ദേവസ്സി :
ശ്രീ.വി.ജെ.തങ്കപ്പൻ :
ശ്രീ.വി.എൻ.വാസവൻ :
ശ്രീ.എം.പ്രകാശൻ മാസ്റ്റർ :

ഉത്തരം
ശ്രീ. മാത്യു.ടി.തോമസ്
(ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ). റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിച്ചതിനുശേഷം റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ് ;

(എ). ജില്ലാ തലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുവാനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. റോഡ് സുരക്ഷാ വാരാചരണത്തോടനുബന്ധിച്ച് സെമിനാറുകൾ, ക്ലാസുകൾ തുടങ്ങി ബോധവൽക്കരണ പരിപാടികൾ നടത്തി. സ്കൂളുകളിൽ റോഡ് സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ചു. സ്കൂളുകളിൽ റോഡ് സുരക്ഷ പാഠ്യവിഷയമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കിന്റെ നിർമ്മാണത്തിന് തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി എന്നീ നഗരങ്ങളിലേക്ക് 1.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ നഗരങ്ങളിൽ റഡാർ സർവ്വേലൻസ് സിസ്റ്റം സ്ഥാപിക്കുന്നതിനായിട്ടുള്ള പദ്ധതികളും അംഗീകരിച്ച് ഫണ്ടനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിൽ വരുത്തുവാനുള്ള വകുപ്പുതല നടപടികൾ പുരോഗമിക്കുകയാണ്. റോഡു വെട്ടിക്കുഴിക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായി മാർഗനിർദ്ദേശങ്ങൾ നൽകുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാഫിക് നിയമ ലംഘനം നടത്തുന്ന ഡ്രൈവർമാർക്ക് നിശ്ചയിച്ചിട്ടുള്ള ശിക്ഷ കൂട്ടുന്നതിന് നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നിർദ്ദേശം സജീവ പരിഗണനയിലാണ്.

പി.ഡബ്ളിയു.ഡി റോഡ്സ് വിഭാഗത്തോട് ആവശ്യമുള്ള സ്ഥലങ്ങളിൽ റോഡ് ഡിവൈഡറുകൾ സ്ഥാപിക്കുവാനും എൽ.എം.എസ് ജംഗ്ഷൻ മുതൽ കവടിയാർ വരെയുള്ള ഡിവൈഡറുകളിൽ റിഫ്ളക്ടർ സ്ഥാപിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇന്റർസെപ്റ്റർ വാഹനങ്ങളും, സിമുലേറ്ററുകളും വാങ്ങുവാനുള്ള നടപടി എടുത്തിട്ടുണ്ട്.

(ബി). റോഡ് സുരക്ഷാ ഫണ്ടിലേക്ക് ഇതിനകം എത്ര രൂപ ലഭിച്ചിട്ടുണ്ട് ;

(ബി). റോഡ് സുരക്ഷാ ഫണ്ടിലേയ്ക്ക് ഇതിനകം 5,10,00,000/- രൂപ ലഭിച്ചിട്ടുണ്ട്.

(സി). വാഹന സെസ് പിഴയില്ലാതെ അടയ്ക്കുന്നതിനുള്ള സമയപരിധി നീട്ടുന്ന കാര്യം പരിഗണിക്കുമോ ;

(സി). പരിഗണനയിലില്ല.

(ഡി). റോഡ് സുരക്ഷാവാരവുമായി ബന്ധപ്പെട്ട് കഴിഞ്ഞമാസം നടത്തിയ പരിപാടികൾ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി). ജനുവരി ആദ്യവാരം നടത്തിയ റോഡ് സുരക്ഷാ വാരം, ഗതാഗതം, പോലീസ്, റവന്യൂ, വിദ്യാഭ്യാസം, പൊതുമരാമത്ത് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ സംഘടിപ്പിച്ചു. റോഡ് സുരക്ഷാ സെമിനാറുകൾ, പുതിയ 5 റോഡ് സുരക്ഷാ ക്ലബ്ബുകൾ വീതം എല്ലാ ജില്ലകളിലും രൂപീകരിക്കൽ, ഡ്രൈവർമാരുടെ പരിശീലനം, ബോധവൽക്കരണക്ലാസ്സുകൾ, മോട്ടോർ ഷോ റാലി എന്നിവ ഇതോടനുബന്ധിച്ച് വിവിധ സ്ഥലങ്ങളിൽ നടത്തുകയുണ്ടായി. സ്കൂൾ കുട്ടികൾക്കായുള്ള ക്വിസ് പരിപാടികൾ , സ്റ്റിക്കറുകളുടേയും പോസ്റ്ററുകളുടേയും വിതരണം, മാജിക് ഷോ, കണ്ണുപരിശോധന, കാൽനടയാത്രക്കാർക്ക് ബോധവൽക്കരണം, സ്കൂൾ പരിസരങ്ങളിൽ ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിക്കൽ, സീബ്രാ ലൈനുകൾ അടയാളപ്പെടുത്തൽ തുടങ്ങിയ വിവിധ പരിപാടികൾ നടത്തിയിരുന്നു. ഈ പരിപാടികൾക്കായി 33 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ). കഴിഞ്ഞ രണ്ടുവർഷക്കാലത്ത് എത്ര റോഡപകടങ്ങൾ ഉണ്ടായി ; എത്ര പേർക്ക് പരിക്കേറ്റന്നും എത്രപേർ മരണമടഞ്ഞു എന്നും വ്യക്തമാക്കുമോ ?

(ഇ). 2007- മൊത്തം റോഡപകടങ്ങൾ- 39917

| | | |
|---|---|---|
| 2007 | മൊത്തം റോഡപകടങ്ങൾ- | 39917 |
| | പരിക്കേറ്റവർ - | 48246 |
| | മരണമടഞ്ഞവർ- | 3778 |
| 2008 | മൊത്തം റോഡപകടങ്ങൾ- | 37211 |
| | പരിക്കേറ്റവർ - | 43669 |
| | മരണമടഞ്ഞവർ - | 3826 |

സെക്ഷൻ ഓഫീസർ.

**പന്ത്രണ്ടാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 140** **25.2.2009-ൽ മറുപടിയ്ക്ക്**

## സുനാമി പുനരധിവാസ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.കെ. പുരുഷോത്തമൻ<br>ശ്രീ. കെ.വി. അബ്ദുൾഖാദർ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. വി. പ്രദീപ്കുമാർ<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീ. കെ.പി. രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പ് മന്ത്രി) | |
| (എ) | സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | (എ) | മന്ത്രിസഭാ ഉപസമിതി എല്ലാ ആഴ്ചയിലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സുനാമി പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നിർവ്വഹണ വകുപ്പു ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുമുണ്ട്. നിശ്ചിത സമയ പരിധിക്കു മുമ്പായി പദ്ധതി പൂർത്തിയാക്കാൻ കഴിയുന്ന വിധത്തിൽ നിർവ്വഹണ രൂപരേഖ തയ്യാറാക്കി അതുപ്രകാരം പ്രവർത്തിക്കുവാൻ എല്ലാ വകുപ്പുകളോടും നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും, സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും ഇതിനു മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റേറ്റ് ലെവൽ സ്റ്റീയറിംഗ് കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ബി) | വിവിധ വകുപ്പുകൾ മുഖേന എത്ര കോടി രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നത് ; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; | (ബി) | 1172.29 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഇതിൽ 1153.54 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

(............2.........)

(സി) സുനാമി ദുരന്തത്തിൽ അനാഥരായിത്തീർന്ന കുട്ടികളുടെ സുരക്ഷിതത്വത്തിനും വിദ്യാഭ്യാസത്തിനുമായി എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ;

(സി) 1. <u>കുട്ടികൾക്കായുള്ള പ്രധാനമന്ത്രിയുടെ സഹായ പദ്ധതി.</u>

ഈ പദ്ധതി പ്രകാരം സുനാമി ദുരന്തത്തിൽ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടവരും, പതിനെട്ടു വയസ്സിൽ താഴെയുള്ളവരുമായ കുട്ടികളുടെ പേരിൽ ഏകദേശം 300 രൂപ പ്രതിമാസ വരുമാനം ലഭിക്കത്തക്ക വിധം 51,000 രൂപ വീതം സ്ഥിരനിക്ഷേപം നടത്തിയിട്ടുണ്ട്. പതിനെട്ടു വയസ്സ് പൂർത്തിയായാൽ നിക്ഷേപ തുക കുട്ടിക്ക് ലഭിക്കുന്നതായിരിക്കും.

2. <u>കുട്ടികൾക്കായുള്ള പ്രധാനമന്ത്രിയുടെ സ്കോളർഷിപ്പ് സ്കീം.</u>

ഈ പദ്ധതി പ്രകാരം സുനാമി ദുരന്തത്തിൽ ജീവനോ ജീവനോപാധികളോ നഷ്ടപ്പെട്ട കുടുംബങ്ങളിലെ ഒന്നു മുതൽ പത്ത് വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300 രൂപ വീതം സ്കോളർഷിപ്പ് നല്കി വരുന്നു.

(ഡി) സുനാമി പുനരധിവാസ പദ്ധതി എന്ന് പൂർത്തിയാക്കുമെന്ന് വെളിപ്പെടുത്തുമോ ?

(ഡി) സുനാമി പുനരധിവാസ പദ്ധതി പൂർത്തിയാക്കേണ്ട അവസാന തീയതി 2009 മാർച്ച് 31-നാണ്. എന്നാൽ ഭവനനിർമ്മാണ പദ്ധതിയ്ക്കായുള്ള സ്ഥലമെടുപ്പിനുള്ള കാലതാമസം പൊതുമരാമത്ത്, തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ്, ടൂറിസം എന്നീ വകുപ്പുകളിൽ ടെണ്ടർ നടപടികൾക്കുള്ള കാലതാമസം എന്നിവ കാരണം റ്റി.ആർ.പി.യിലുള്ള എല്ലാവിധ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കൂടുതൽ സമയം വേണ്ടിവരുമെന്ന് കരുതുന്നു. സുനാമി അടിയന്തിര സഹായ പദ്ധതികൾ പൂർത്തിയാക്കുന്നതിന് 2009 ഒക്ടോബർ വരെ സമയം ദീർഘിപ്പിച്ചിട്ടുണ്ട്. സുനാമി പുനരധിവാസ പദ്ധതികളും പൂർത്തിയാക്കുന്നതിന് ഒരു വർഷം കൂടി ദീർഘിപ്പിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(signature)

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 141 25.02.2009 ൽ മറുപടിക്ക്
## സംസ്ഥാനത്തിന്റെ ധനകമ്മി

**ചോദ്യം**

ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യ വകുപ്പ് മന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| എ. സംസ്ഥാനത്തിന്റെ ധനകമ്മി നടപ്പു സാമ്പത്തിക വർഷം എത്രയാണ്; ഇത് മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ്; | 2008-09-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം നടപ്പ് സാമ്പത്തിക വർഷം ധനകമ്മി 5625.66 കോടി രൂപയാണ്. ഇത് നടപ്പു സാമ്പത്തികവർഷത്തിലേക്ക് കണക്കാക്കപ്പെട്ടിരിക്കുന്ന ആഭ്യന്തര ഉൽപാദനത്തിന്റെ (Advance estimate) 3.08% ആണ്. 2008-09-ലെ പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ധനകമ്മി 6314.54 കോടി രൂപയാണ്. ഇത് ആഭ്യന്തര ഉല്പാദനത്തിന്റെ (Advance estimate) 3.46 ശതമാനമാണ്. |
| ബി. മുൻ വർഷങ്ങളെ അപേക്ഷിച്ച് ധനകമ്മിയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിനുകാരണമെന്താണ്; | 2005-06, 2006-07, 2007-08 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകമ്മി യഥാക്രമം 4181.72 കോടി രൂപ, 3821.87 കോടി രൂപ, 6100.20 കോടി രൂപ എന്നായിരുന്നു. നടപ്പ് സാമ്പത്തിക വർഷത്തെ ധനകമ്മി 2005-06, 2006-07 എന്നീ വർഷങ്ങളിലെ ധനകമ്മിയേക്കാളും കൂടുതലാണ്. എന്നാൽ 2007-08 സാമ്പത്തിക വർഷത്തിലെ ധനകമ്മിയുമായി തട്ടിച്ചുനോക്കുമ്പോൾ നടപ്പ് സാമ്പത്തിക വർഷത്തിലെ ധനകമ്മി കുറവാണ്. 8-ാം ശമ്പള കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിയതുവഴി 2006-07, 2007-08 എന്നീ സാമ്പത്തിക വർഷങ്ങളിൽ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കൂടാതെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക, സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കുടിശ്ശിക നൽകിയത്, സബ്സിഡി ഇനത്തിൽ വന്ന അധിക ബാദ്ധ്യത, കുടിശ്ശിക നിന്നിരുന്ന ഡി.എ/ഡി.ആർ എന്നിവനൽകിയത് എന്നിവകൊണ്ടാണ് 2007-08-ലെ ധനകമ്മി മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതലായിരുന്നത് |
| സി. 2004-05 മുതൽ നടപ്പു സാമ്പത്തിക വർഷം വരെയുള്ള ധനകമ്മിയുടെ അന്തരം വ്യക്തമാക്കുമോ? | 2004-05 മുതൽ നടപ്പു സാമ്പത്തിക വർഷം ഡിസംബർ വരെയുള്ള ധനകമ്മി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. |

| | (തുക കോടിയിൽ) | അന്തരം |
|---|---|---|
| 2004-05 | - 4451.91 | -1087.15 |
| 2005-06 | - 4181.72 | - 270.20 |
| 2006-07 | - 3821.87 | - 359.82 |
| 2007-08 | - 6100.20 | + 2278.33 |
| 2008-09 ഡിസംബർ വരെ | - 3915.22 | |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 142 — 25-02-2009- ൽ മറുപടിയ്ക്ക്

**പുഞ്ചകൃഷിയിലെ നഷ്ടം**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി : | | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) കഴിഞ്ഞ പുഞ്ചകൃഷിയിൽ പാടത്ത് നിന്ന് നെല്ല് യഥാസമയം കൊയ്തെടുക്കാൻ കഴിയാത്തതുമൂലം കനത്തമഴയിൽ കൃഷി നശിച്ച കർഷകർക്ക് വൻ നഷ്ടം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| ബി) എങ്കിൽ കർഷകർക്ക് എത്ര തുകയുടെ നഷ്ടമാണ് കുട്ടനാട്ടിൽ മാത്രം നേരിട്ടതെന്നും, നഷ്ടം സംഭവിച്ച കർഷകർക്ക് എന്തു സഹായമാണ് നല്കിയതെന്നും വ്യക്തമാക്കുമോ ; | (ബി) | 73.78 കോടി രൂപയുടെ നഷ്ടമാണ് കുട്ടനാട്ടിൽ മാത്രം നെൽകർഷകർ നേരിട്ടത്. നെൽകൃഷി 50%-ൽ അധികം നഷ്ടപ്പെട്ട കർഷകർക്ക് അത് പൂർണ്ണ നഷ്ടമായി കണക്കാക്കി ഹെക്ടറിന് 10,000/- രൂപ വീതം ധനസഹായം നൽകി. ഭാഗിക നഷ്ടം (അതായത് 50%-ന് താഴെ) സംഭവിച്ച കർഷകർക്ക് നഷ്ടമായ നെല്ലിന് മെട്രിക് ടൺ ഒന്നിന് 2200/- രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മില്ലുടമകൾ സംഭരിച്ച ഭക്ഷ്യയോഗ്യമല്ലാത്ത അരി ലഭിക്കുന്ന നെല്ലിന് കിലോഗ്രാമിന് 6/- രൂപ നിരക്കിൽ കർഷകർക്ക് വില നൽകണമെന്ന് മില്ലുടമകളെക്കൊണ്ട് സമ്മതിപ്പിക്കുകയും, കിലോഗ്രാമിന് 4/- രൂപ സർക്കാർ, കർഷകർക്ക് നൽകുകയും ചെയ്തിട്ടുമുണ്ട്. നെൽ കർഷകർക്ക് ആകെ 12.02 കോടി രൂപയുടെ ആനുകൂല്യങ്ങൾ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. |
| സി) കൊയ്ത്തു സമയത്തുതന്നെ നെൽപ്പാടങ്ങളിൽ നിന്ന് നെല്ല് യഥാസമയം കൊയ്തെടുക്കാൻ ഇത്തവണ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; <br> ഡി) വിളവെടുപ്പ് കാലത്ത് കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം ഉണ്ടാകുന്ന മുൻകാല അനുഭവങ്ങൾ കണക്കിലെടുത്ത് ആവശ്യമായ കൊയ്ത്ത് യന്ത്രങ്ങൾ യഥാസമയം ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ ? | (സി) & (ഡി) | ഉണ്ട്. കൊയ്ത്ത് സമയത്ത് തന്നെ നെല്ല് കൊയ്തെടുക്കുന്നതിനായി കുട്ടനാട് മേഖലയിൽ 3000 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ടാസ്ക് ഫോഴ്സ് (കർമ്മസേന) രൂപപ്പെടുത്തുന്നതിനായി സന്നദ്ധ സംഘടനകളുടേയും സർക്കാർ ഇതര സംഘടനകളുടേയും യോഗം ആലപ്പുഴ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിളിച്ചു ചേർക്കുകയും, സംഘടനാ പ്രതിനിധികൾ കർമ്മ സേനയിലെ അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമായ സാമഗ്രികൾ ലഭ്യമാക്കാൻ കേരളാ അഗ്രോ |

മെഷിനറി കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റ് ജില്ലകളിലെ കൊയ്ത്ത് മെതിയന്ത്രങ്ങൾ കൊയ്ത്ത് സമയത്ത് കുട്ടനാടൻ പാടശേഖരങ്ങളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി വാങ്ങുന്ന യന്ത്രങ്ങൾ സംസ്ഥാനത്ത് എത്തികഴിഞ്ഞിട്ടുണ്ട്. അയൽ സംസ്ഥാനങ്ങളിൽ നിന്നും വാടകയ്ക്ക് യന്ത്രങ്ങൾ എത്തിക്കുവാനുള്ള സംവിധാനം കോർപ്പറേഷൻ കൈക്കൊണ്ടിട്ടുണ്ട്. ഇപ്രകാരം തൊഴിലാളികൾ യഥേഷ്ടം ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ യന്ത്രവത്കരണത്തിലൂടെ നെല്ല് സമയബന്ധിതമായി കൊയ്തെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

Usha Rani P.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 143 25.02.2009 ലെ മറുപടിയ്ക്ക്

**പതിമൂന്നാം ധനകാര്യ കമ്മീഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. യു.സി. രാമൻ** | **ഡോ. റ്റി. എം. തോമസ് ഐസക്,**<br>**ധനകാര്യ വകുപ്പുമന്ത്രി** |
| (എ) പതിമൂന്നാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തെ സംബന്ധിച്ചു നടത്തിയിട്ടുള്ള പ്രധാന ശുപാർശകൾ എന്തെല്ലാമാണ്; | (എ) പതിമൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് ഇതുവരെയും രാഷ്ട്രപതിക്ക് സമർപ്പിച്ചിട്ടില്ല. |
| (ബി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) ചോദ്യം ഉദിയ്ക്കുന്നില്ല. |
| (സി) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം ഉയർത്തണമെന്ന കാര്യം കമ്മീഷൻ ശുപാർശയിലുൾപ്പെട്ടിട്ടുണ്ടോ; | (സി) ചോദ്യം (എ)-യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഇല്ല. എന്നാൽ കമ്മീഷൻ ചെയർമാൻ, ഡോ.വിജയ് എൽ. കേൽകർ തന്റെ പ്രസംഗത്തിൽ പെൻഷൻ വിതരണം മൂലമുള്ള അധിക സാമ്പത്തിക ബാധ്യതയ്ക്ക് ഒരു ഇടക്കാല പരിഹാരമായി നിലവിലുള്ള പെൻഷൻ പ്രായത്തിൽ ഒരു മാറ്റം വരുത്താവുന്നതാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ ഇതു സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ? | (ഡി) ചോദ്യം ഉദിയ്ക്കുന്നില്ല. |

**സെക്ഷൻ ഓഫീസർ**

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 144 — 25.02.2009- ൽ മറുപടിക്ക്.

### റവന്യൂ വകുപ്പിന്റെ പ്രവർത്തനം.

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ.കെ. ടി.ജലീൽ<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ.കെ.സി.രാജഗോപാലൻ | ശ്രീ.കെ.പി.രാജേന്ദ്രൻ<br>ബഹു. റവന്യൂ വകുപ്പുമന്ത്രി |
| (എ) റവന്യൂ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) 1. സംസ്ഥാനത്തെ മുഴുവൻ താലൂക്ക് ലാന്റ് ബോർഡുകളും പുനഃസംഘടിപ്പിച്ചു.<br>2. ലാന്റ് അസൈൻമെന്റ് കമ്മിറ്റികൾ പുനഃസംഘടിപ്പിച്ചു.<br>3. ലാന്റ് റീഫോംസ് റിവ്യൂ ബോർഡ് രൂപീകരിച്ചു.<br>4. റീസർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുവാനും, റവന്യൂ റെക്കോർഡുകൾ നാളതീകരിക്കുവാനും 'ഭൂമികേരളം' പദ്ധതി ആവിഷ്ക്കരിച്ചു.<br>5. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ ജില്ല, താലൂക്ക് തലങ്ങളിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ചു.<br>6. വകുപ്പിലെ അഴിമതിയും ക്രമക്കേടുകളും അവസാനിപ്പിക്കുവാൻ മൂന്ന് വിജിലൻസ് വിഭാഗങ്ങൾ രൂപീകരിച്ചു.<br>7. റവന്യൂ ഓഫീസുകൾ നവീകരിക്കുവാനും അവ കൂടുതൽ പൊതുജന സൗഹൃദമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു.<br>8. വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി ദീർഘിപ്പിക്കുയും അവ ഒറ്റ സർട്ടിഫിക്കറ്റായി നൽകാനും ഉത്തരവായി.<br>9. കളക്ട്രേറ്റുകളിൽ ഹെൽപ്പ് ഡസ്ക്കുകൾ സ്ഥാപിച്ചു. |

10. സർക്കാർ ഭൂമിയിലെ അനധികൃത വ്യവസ്ഥ ചെയ്യുന്നതും [illegible] മായി നടപ്പിലാക്കുന്നതിനും 1957ലെ കേരള ഭൂ സംരക്ഷണ നിയമത്തിൽ കാലോചിതമായ ഭേദഗതി വരുത്തി, 08.11.08ൽ കേരള ഭൂ സംരക്ഷണ (ഭേദ ഗതി) ഓർഡിനൻസ് പുറപ്പെടുവിച്ചു.
11. കേരള നെൽവയൽ-തണ്ണീർത്തട സംര ക്ഷണ നിയമം നടപ്പാക്കി.
12. അനധികൃത മണൽ ഖനനം, കടത്ത് ഇവ തടയുന്നതിനായി താലൂക്കുകളിൽ തഹ സീൽദാരുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരടങ്ങുന്ന റിവർ പ്രൊട്ടക്ഷൻ സ്ക്വാഡ് രൂപീകരിച്ചു.
13. സർക്കാർ ഭൂമിയുടെ സംരക്ഷണവും ഉപ യോഗവും കാര്യക്ഷമമാക്കുന്നതിനായി 'കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്' പദ്ധതി നട പ്പാക്കി.
14. ഭൂമിപതിവ് നിയമങ്ങൾ കാലോചിത മായി പരിഷ്ക്കരിച്ചു. ഭൂമിസംബന്ധമായ നിയമങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
15. റവന്യൂ കമ്പ്യൂട്ടറൈസേഷൻ പ്രവർത്തന ങ്ങൾ ത്വരിതപ്പെടുത്തി. ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ ഐ.റ്റി.സെൽ പ്രവ ർത്തനമാരംഭിച്ചു.
16. റവന്യൂ വെബ്സൈറ്റും, ടോൾഫ്രീ കോൾ സെന്ററും ആരംഭിച്ചു.
17. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും പരാതികൾ പരി ഹരിക്കുന്നതിനും വകുപ്പിന്റെ പ്രവർത്ത നം കൂടുതൽ കാര്യക്ഷമവും, സുതാര്യമാ ക്കുന്നതിനുമായി താലൂക്ക് തല റവന്യൂ അദാലത്തുകൾ സംഘടിപ്പിക്കുകയും, വില്ലേജ്തല ജനകീയ സമിതികൾ രൂപീക രിക്കുകയും ചെയ്തു.

(ബി) അഴിമതിയും ക്രമക്കേടുകളും നടത്തിയതിന്റെ പേരിൽ കഴിഞ്ഞ ആറുമാസത്തിനുള്ളിൽ എത്ര ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു എന്നു വെളിപ്പെടുത്തുമോ;

(ബി) ലാന്റ് റവന്യൂ വകുപ്പിൽ നിന്നും 24 ജീവനക്കാരും സർവ്വേ വകുപ്പിൽ നിന്നും 4 ജീവനക്കാരുമുൾപ്പെടെ ആകെ 28 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു.

(സി) വസ്തു പോക്കുവരവിൽ കാലതാമസം ഒഴിവാക്കുന്നതിന് പുതിയ നടപടി ക്രമം ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ല.

(ഡി) റവന്യൂ വകുപ്പിനെ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് താലൂക്ക്തല അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഡി) ഉണ്ട്. സംസ്ഥാനത്തെ 63 താലൂക്കുകളിലും 2008 ഡിസംബർ, 2009 ജനുവരി മാസങ്ങളിലായി ഏകദിന താലൂക്കുതല റവന്യൂ അദാലത്തുകൾ സംഘടിപ്പിച്ചു. താലൂക്ക് അദാലത്തുകളിൽ 44,480 പരാതികൾ ലഭിക്കുകയും 33,863 പരാതികൾക്ക് അപ്പോൾ തന്നെ തീർപ്പുകൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുകൂടാതെ 52,050 പോക്കുവരവ് കേസ്സുകളിലും 4,481 സി.എം.ഡി.ആർ.എഫ് അപേക്ഷകളിലും 7,095 പ്രകൃതി ക്ഷോഭ ദുരിതാശ്വാസ അപേക്ഷകളിന്മേലും 4,452 ദേശീയ കുടുംബക്ഷേമ അപേക്ഷകളിലും തീരുമാനം എടുത്തിട്ടുണ്ട്. അദാലത്തുകളിൽ 79,431 ജാതി സർട്ടിഫിക്കറ്റ് അപേക്ഷകളിലും 4,527 അവകാശ സർട്ടിഫിക്കറ്റ് അപേക്ഷകളിലും തീരുമാനം എടുത്തിട്ടുണ്ട്. അദാലത്തുകളിൽ മാത്രം 2,059 ഭൂമി പതിവ് അപേക്ഷകളും തീർപ്പാക്കി. അതോടൊപ്പം താലൂക്ക് തലത്തിൽ കുടിശ്ശികയുണ്ടായിരുന്ന 1,07,267 ഫയലുകളിലും തീർപ്പുകൽപ്പിച്ചു.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 145 25.02.2009 ലെ മറുപടിക്ക്

## ആഗോള സാമ്പത്തിക പ്രതിസന്ധി

ചോദ്യം | ഉത്തരം

*ശ്രീ. കെ.വി. കുഞ്ഞിരാമൻ*
*ശ്രീ. പി. വിശ്വൻ*
*ശ്രീ. പ്രൊഫ. സി. രവീന്ദ്രനാഥ്*
*ശ്രീ. എസ് രാജേന്ദ്രൻ*
*ശ്രീ. പി. കൃഷ്ണപ്രസാദ്*

*ധനകാര്യ മന്ത്രി*

| | | |
|---|---|---|
| എ. | ആഗോള സാമ്പത്തിക പ്രതിസന്ധി സംസ്ഥാനത്തെ എന്തു മാത്രം ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | പരിശോധിച്ചിട്ടുണ്ട്;<br>കയർ, കശുവണ്ടി, സമുദ്രോത്പന്നങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയുടെ കയറ്റുമതിയും കയറ്റുമതി വരുമാനവും ഇതിനോടകം തന്നെ കുറഞ്ഞിട്ടുണ്ട്.<br>റബർ, നാളികേരം എന്നിവയുടെ വിലത്തകർച്ചയാണ് ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ മറ്റൊരു പ്രത്യാഘാതം. റബറിന്റെ വില 142 രൂപയിൽ നിന്നും 62 രൂപയായി കുറഞ്ഞു. സോയാബീൻ എണ്ണ പാമോയിൽ എന്നിവയുടെ ഇറക്കുമതിക്കുമേൽ കാര്യമായ യാതൊരു നിയന്ത്രണവുമില്ലാത്തതിനാൽ വെളിച്ചെണ്ണയുടേയും നാളികേരത്തിന്റേയും വില ഭയാനകമാംവിധം താഴാൻപോവുകയാണ്.<br>ഈ സീസണിൽ കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളിൽ 30ശതമാനത്തോളം കുറവുണ്ടായിട്ടുണ്ട്. വിവര സാങ്കേതിക വ്യവസായ മേഖലയിലെ തൊഴിലിൽ 25 ശതമാനത്തോളം കുറവുണ്ടാകുമെന്നും കരുതുന്നു. വിവര സാങ്കേതിക മേഖലയിൽ ഇപ്പോഴുണ്ടാകുന്ന വെട്ടിക്കുറവിനെക്കാൾ നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ടത് ഈ മേഖലയിലെ നിക്ഷേപങ്ങളിൽ ഉണ്ടാകുന്ന മുരടിപ്പാണ്. |

| | | |
|---|---|---|
| | | സമകാലീന സാമ്പത്തിക കുഴപ്പത്തിന്റെ ഒരു സവിശേഷത രൂക്ഷമായ വായ്പാഞെരുക്കമാണ്. വായ്പകൾ ലഭ്യമാക്കുന്നതിന് ബാങ്കുകൾ മടിക്കുന്നു. 2008 ഒക്ടോബർ 31നും നവംബർ 7നും ഇടയ്ക്ക് ഇന്ത്യയിൽ ബാങ്ക് വായ്പയിൽ 16630 കോടി രൂപയുടെ കുറവാണ് ഉണ്ടായിരിക്കുന്നത്. |
| ബി. | സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിന്റെ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | സാമ്പത്തിക മാന്ദ്യം മൂലം സംസ്ഥാനത്തിനുണ്ടാകാൻ പോകുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് പ്രധാനമായും സാമൂഹ്യ സുരക്ഷിതത്വം വർദ്ധിപ്പിക്കുക, സാമ്പത്തിക ഉത്തേജക പദ്ധതികൾ കൈക്കൊള്ളുക, ഭരണ നിർവഹണം മെച്ചപ്പെടുത്തുക എന്നീ മൂന്നു വിഷയങ്ങളിൽ ഊന്നിയുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള നടപടികൾ കൈക്കൊള്ളാനുള്ള ശുപാർശകളാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് ഈ വിഷയത്തിൽ ഗവൺമെന്റിന് സമർപ്പിച്ചത്. |
| സി. | സംസ്ഥാനത്തിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കേന്ദ്രത്തിന്റെ നിലപാട് എന്താണ്; വിശദമാക്കാമോ ? | സംസ്ഥാനത്തിന്റെ വായ്പാ പരിധി ഉയർത്താൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപാദത്തിന്റെ 0.5 ശതമാനത്തിന് തുല്യമായ അധിക കടമെടുപ്പിന് മാത്രമേ കേന്ദ്രം അനുമതി നൽകിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ ടി 146

25.02 2009 ലെ മറുപടിയ്ക്ക്

## നബാർഡ് വായ്പയ്ക്ക് സർക്കാർ ഗ്യാരന്റി

| | ചോദ്യം<br>ശ്രീ. എം. മുരളി<br>ശ്രീ എ. പി. അനിൽകുമാർ | ഉത്തരം<br>ശ്രീ.ടി.എം.തോമസ് ഐസക്ക്<br>ബഹു. ധനകാര്യ വകുപ്പ് മന്ത്രി |
|---|---|---|
| എ | 2007-08 ലും 2008-09 കാലത്തേയ്ക്കും നബാർഡിൽ നിന്നും സംസ്ഥാനത്തിന് എന്തു തുക ലഭിച്ചു; വ്യക്തമാക്കാമോ? | 2007-08 സാമ്പത്തിക വർഷത്തിൽ നബാർഡിൽ നിന്ന് ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ 189.90 കോടി രൂപയും എൻ ആർ സി (എൽ ടി ഒ) ഇനത്തിൽ 2 കോടി രൂപയും അടക്കം 191.90 കോടി രൂപ വായ്പ ലഭിച്ചിട്ടുണ്ട്.<br>2008-09 സാമ്പത്തിക വർഷത്തിൽ 18.02.2009 വരെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ 136.93 കോടി രൂപയും എൻ ആർ സി (എൽ ടി ഒ) ഇനത്തിൽ 2.28 കോടി രൂപയും അടക്കം 139.21 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ബി | നബാർഡ് നൽകുന്ന വായ്പാ തുകയ്ക്ക് സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകേണ്ടതുണ്ടോ? | പൊതുമേഖലാ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പകൾക്കാണ് നിബന്ധനകൾക്ക് വിധേയമായി സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകുന്നത്. നബാർഡിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിയ്ക്കുന്ന വായ്പയ്ക്ക് ഗ്യാരണ്ടിയുടെ ആവശ്യം ഇല്ല. |
| സി | ഇതുവരെ ഗ്യാരണ്ടി നൽകാത്ത പക്ഷം ഇതിന്മേൽ ജാമ്യം നൽകണമെന്ന് നബാർഡ് ആവശ്യപ്പെട്ടിട്ടുണ്ടോ? | ബാധകമല്ല |
| ഡി | നബാർഡ് വായ്പയ്ക്ക് ഗ്യാരണ്ടി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ? | ബാധകമല്ല |
| ഇ | ഉണ്ടെങ്കിൽ നബാർഡ് നൽകുന്ന വായ്പയുടെ തുക കുറയുവാനിടയുണ്ടോ എന്നു വ്യക്തമാക്കാമോ? | ബാധകമല്ല |

അക്കൗണ്ട്സ് ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 147 — 25-02-2009- ൽ മറുപടിയ്ക്ക്

## നാണ്യവിളകളുടെ വിലത്തകർച്ച

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോർജ് എം.തോമസ് :<br>ശ്രീ.എം.ചന്ദ്രൻ :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.വി.ശശികുമാർ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം : | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാണ്യവിളകളുടെ വിലത്തകർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) നാളികേരം, റബ്ബർ, കുരുമുളക് എന്നിവയുടെ വില സ്ഥിരത ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ ; | (ബി) 30.1.09 ൽ അവസാനിക്കുന്ന ആഴ്ചയിലെ കണക്കനുസരിച്ച് നാളികേരത്തിന് വില വർദ്ധനവും കുരുമുളക്, റബ്ബർ എന്നിവക്ക് വില കുറവുമാണ് കാണിക്കുന്നത്. വിലസ്ഥിരത ഉറപ്പാക്കാൻ കേന്ദ്ര സർക്കാരുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കും. |
| സി) നാണ്യവിളകളുടെ വിലത്തകർച്ചയ്ക്ക് കേന്ദ്ര സർക്കാർ നയങ്ങൾ കാരണമായിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ ; | (സി) കേരളത്തിലെ നാണ്യവിളകളുടെ വിപണി പ്രധാനമായും അന്തർദ്ദേശീയ ഉല്പാദനത്തെയും വിപണി വിലകളെയും കയറ്റിറക്കുമതി നയങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്. ആഗോളവത്കരണം, ഉദാരവത്കരണ നയങ്ങൾ, ആഗോള സാമ്പത്തിക മാന്ദ്യം എന്നിവയും നാണ്യവിളകളുടെ വിലത്തകർച്ചയ്ക്ക് കാരണമാകുന്നുണ്ട്. |
| ഡി) കേന്ദ്രഗവൺമെന്റ് നയങ്ങൾമൂലം ഉളവായ പ്രശ്നങ്ങൾ മറികടക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | ഡി) ഈ വസ്തുതകൾ നിരന്തരം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ നേരിട്ടും, ഫാക്സ് വഴിയും കൊണ്ടുവന്നിട്ടുണ്ട്. |

—— ——

ഇ) നാണ്യവിളകളുടെ കൃഷി പ്രോത്സാഹനത്തിന് നിലവിലുള്ള കേന്ദ്ര സംസ്ഥാന ഏജൻസികൾ ഏതെല്ലാമാണെന്നും അവ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ?

ഇ) നാണ്യവിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി മേൽത്തരം നടീൽ വസ്തുക്കൾ ലഭ്യമാക്കുക, ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കുക, പുതിയ കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായം നൽകുക, ഗുണമേന്മാ നിയന്ത്രണ നിർണ്ണയ സംവിധാനങ്ങൾ, നാണ്യവിളകളിൽ നിന്നും മൂല്യവർദ്ധിത ഉത്പ്പന്നങ്ങളുടെ ഉത്പ്പാദനം ഉയർത്തൽ, മറ്റ് ഉത്പ്പാദക രാജ്യങ്ങളോട് കിടപിടിക്കുന്ന മേന്മയുള്ള ഉത്പ്പന്നമുണ്ടാക്കൽ എന്നിവ സാധ്യമാക്കി അതിലൂടെ കയറ്റുമതിയുടെ പുതിയ മേച്ചിൽപ്പുറങ്ങൾ കണ്ടെത്തുക തുടങ്ങിയ സഹായങ്ങൾ നാണ്യവിള കർഷകർക്ക് പ്രാപ്യമാക്കുന്നതിലേക്കായി താഴെ പറയുന്ന കേന്ദ്ര സംസ്ഥാന ഏജൻസികൾ പ്രവർത്തിച്ചു വരുന്നു.

i) ഡയറക്ടറേറ്റ് ഓഫ് അരേക്കാനട്ട് & സ്പൈസസ് ഡവലപ്മെന്റ്, കോഴിക്കോട്.
ii) ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് & കൊക്കോ ഡവലപ്മെന്റ്, കൊച്ചി.
iii) കോഫി ബോർഡ്, ബാംഗ്ലൂർ
iv) റബ്ബർ ബോർഡ്, കോട്ടയം
v) സ്പൈസസ് ബോർഡ്, കൊച്ചി
vi) നാഷണൽ ഹോർട്ടി കൾച്ചർ മിഷൻ
vii) കൃഷി വകുപ്പ് അനുബന്ധ ഏജൻസികൾ.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ.148 | 25.2.2009ൽ മറുപടിക്ക് |

## നദികളുടെ പുനരുജ്ജീവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :<br>ശ്രീ.സി.എം.ദിനേശ് മണി :<br>ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.പി.കൃഷ്ണപ്രസാദ് : | ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) നദികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്തെ നദികളെക്കുറിച്ച് സമഗ്രപഠനം നടത്തുന്നതിനും നദികളുടെ പുനരുജ്ജീവന പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ). നദികളുടെ സംരക്ഷണത്തിനായി സംസ്ഥാനത്തെ നദികളെ കുറിച്ച് സമഗ്രമായ പഠനം നടത്തിയിട്ടില്ല. കേരളാ നദീതീര സംരക്ഷണ ചട്ടങ്ങളിലെ ചട്ടം 30(1) പ്രകാരം മണൽ ആഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും തിരുവനന്തപുരത്തെ ഭൗമ ശാസ്ത്ര പഠനകേന്ദ്രം (CESS), സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) എന്നീ ഏജൻസികൾ നടത്തിയ പരിമിതമായ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ നദികളിൽ നിന്നുള്ള മണൽ ഖനനത്തിന് കടവുകൾ അനുവദിച്ചിട്ടുള്ളത്. എന്നാൽ ലഭ്യമായിട്ടുള്ള ശുപാർശകളുടേയും നിലവിലുള്ള സംവിധാനങ്ങളുടേയും അടിസ്ഥാനത്തിൽ മണൽ ആഡിറ്റ് നടത്തുന്നതിന് വേണ്ടുന്ന ഉത്തരവുകൾ സർക്കാർ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്. കോട്ടയം, പത്തനംതിട്ട ജില്ലകളെ ഉൾപ്പെടുത്തി മണിമലയാറിൽ മണൽ ആഡിറ്റ് നടത്തുന്നതിന് CESS-ന് അധികാരം നൽകിട്ടുണ്ട്. മാത്രമല്ല, അതത് ജില്ലകളിൽ ലഭ്യമായ സംവിധാനമുപയോഗിച്ച് അഥവാ, എഞ്ചിനീയറിംഗ് കോളേജ്, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ മണൽ ആഡിറ്റ് നടത്തുന്നതിന് നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2001-ലെ കേരളാ നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമം അനുശാസിക്കുന്ന പ്രകാരം നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥ സംരക്ഷിക്കുന്നതിന് ജില്ലാ |

| | |
|---|---|
| | വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്ന പദ്ധതികൾ സർക്കാർ തലത്തിൽ നിലവിലുള്ള ഉന്നതതല സമിതി വിശദമായി പരിശോധന നടത്തുകയും അനുയോജ്യമാണെന്നു കാണുന്ന പദ്ധതികൾക്ക് / പ്രവർത്തികൾക്ക് അംഗീകാരം നൽകുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ നദികളെ ഒരൊറ്റ യൂണിറ്റായി കണ്ടുകൊണ്ട് നദീതീര സംരക്ഷണ നടപടികൾ നടത്തണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ള പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നുമുള്ള ശുപാർശകൾ പരിശോധിച്ച് അവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) പദ്ധതി നടപ്പാക്കുന്നതിന് എത്ര കോടി രൂപ ചെലവാകുമെന്ന് വെളിപ്പെടുത്തുമോ; | (ബി) നദികളുടെ പുനരുജ്ജീവന പദ്ധതികൾ ആവിഷ്കരിച്ച് അംഗീകാരം നൽകുന്ന മുറയ്ക്ക് മാത്രമേ ഇതിലേയ്ക്കായി എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. എങ്കിലും നദികളുടേയും നദീതീരങ്ങളുടേയും സംരക്ഷണത്തി-നായി റിവർമാനേജ്മെന്റ് ഫണ്ട് ഉപയുക്തമാക്കി 150 കോടി അടങ്കൽ വരുന്ന പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) നദീതീര സംരക്ഷണ പദ്ധതി ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത് ; | (സി) നദീതീര സംരക്ഷണ പദ്ധതികൾ ജില്ലകളിൽ നിലവിലുള്ള വിദഗ്ദ്ധ സമിതികളാണ് ആവിഷ്കരിച്ച് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നത്. ജില്ലാതല വിദഗ്ദ്ധ സമിതിയിൽ റവന്യൂ, പോലീസ്, തൊഴിൽ, തദ്ദേശസ്വയംഭരണം, ഹൈഡ്രോളജി, ജലസേചനം, വാട്ടർ അതോറിറ്റി, പൊതുമരാമത്ത്, മൈനിംഗ് & ജിയോളജി, വനം വകുപ്പുകളുടെ പ്രതിനിധികളാണുള്ളത്. ഈ വകുപ്പുകളുടെ സഹകരണത്തോടെയാണ് പദ്ധതികൾ നടപ്പാക്കുന്നത്. |
| (ഡി) സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യതയും പാരിസ്ഥിതിക വിഷയങ്ങളും സംബന്ധിച്ച മണൽ ഓഡിറ്റിന്റെ പുരോഗതി വ്യക്തമാക്കുമോ ; | (ഡി) 2002-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 30(1) പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഓരോ ജില്ലകളിലുമുള്ള നദികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിലേയ്ക്കും ലഭ്യമായ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിലേയ്ക്കും സെന്റർ ഫോർ എർത്ത് സയൻസസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് & മാനേജ്മെന്റ് എന്നീ വിദഗ്ദ്ധ |

| | |
|---|---|
| | സമിതികളുടെയും സഹായത്തോടു കൂടി മണൽ ആഡിറ്റ് നടത്തേണ്ടതാണെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ ജില്ലകളിൽ കൃത്യമായ കാലയളവുകളിൽ മണൽ ആഡിറ്റ് നടക്കാത്തതിനാൽ പുരോഗതി വിലയിരുത്താൻ സാധിച്ചിട്ടില്ല. എന്നാൽ സർക്കാരിൽ ലഭ്യമായ ശുപാർശയുടെ അടിസ്ഥാനത്തിൽ കോട്ടയം, പത്തനംതിട്ട ജില്ലകളെ ബന്ധപ്പെടുത്തി മണിമലയാറിൽ CESS -ന്റെ മേൽ നോട്ടത്തിൽ മണൽ ആഡിറ്റ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി മണൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഇ) ഓരോ മാസത്തേയും ഒരു കടവിൽ നിന്ന് വാരാവുന്ന മണലിന്റെ അളവ് "CESS"; "സി.ഡബ്ല്യൂ.ആർ.ഡി.എം." തുടങ്ങിയ വിദഗ്ദ്ധ സമിതികൾ നിശ്ചയിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമേ മണൽ ഖനനം ചെയ്തു നീക്കാൻ അനുവാദം നൽകാൻ നിയമപരമായി സാധിക്കുകയുള്ളൂ. എന്നാൽ പ്രസ്തുത ഏജൻസികളുടെ ജോലിഭാരം കണക്കിലെടുത്ത് അതത് ജില്ലകളിൽ ലഭ്യമായ സംവിധാനമുപയോഗിച്ച് മണൽ ആഡിറ്റ് നടത്തുന്നതിനും പാരിസ്ഥിതിക സംരക്ഷണം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 149 — 25.02.09 ൽ മറുപടിയ്ക്ക്

## ബസ്സ്-ഓട്ടോറിക്ഷാ ചാർജ്ജ് കുറയ്ക്കുന്നതിനുള്ള നടപടി

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. പി. കെ. അബ്ദുറബ്ബ്<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ്<br>ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി<br>ശ്രീ. എം. ഉമ്മർ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കേന്ദ്ര സർക്കാർ ഇന്ധന വില ഗണ്യമായി കുറച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ബസ്സ്-ഓട്ടോറിക്ഷ തുടങ്ങിയവയുടെ ചാർജിൽ സർക്കാർ കാര്യമായ കുറവുവരുത്തുമോ ; വിശദാംശം വെളിപ്പെടുത്തുമോ ;<br><br>ബി) ഇന്ധന വില 2004 ലെ നിലയിലേക്ക് താഴ്ന്ന സാഹചര്യത്തിൽ ബസ്സ്, ഓട്ടോ തുടങ്ങിയവയുടെ ചാർജിൽ ആനുപാതികമായ മാറ്റം വരുത്താനുള്ള താമസമെന്താണ്;<br><br>സി) 2008 ഡിസംബറിൽ പെട്രോൾ-ഡീസൽ വില കേന്ദ്ര സർക്കാർ കുറച്ചപ്പോൾ വില വീണ്ടും കുറച്ചെങ്കിൽ മാത്രമേ ബസ്സ് ചാർജ്ജ് കുറയ്ക്കൂ എന്നായിരുന്നു സർക്കാർ നിലപാടെന്നതിനാൽ ഇപ്പോൾ വില വീണ്ടും കുറച്ച സാഹചര്യത്തിൽ ബസ്സ്-ഓട്ടോ കൂലി ആനുപാതികമായി കുറയ്ക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും<br><br>ഇന്ധനവില കുറഞ്ഞ സാഹചര്യത്തിൽ 12.2.2009 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 25/09/ട്രാൻ പ്രകാരം ബസ്ചാർജ്ജ് കുറച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 17.02.2009 മുതൽ ചാർജ്ജ് കുറവ് നിലവിൽ വന്നു. വിജ്ഞാപനം അനുബന്ധമായി വച്ചിരിക്കുന്നു. ഓട്ടോ/ടാക്സി ചാർജ്ജിൽ കുറവു വരുത്തുന്നതിനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| ഡി) ബസ്സ് ചാർജ്ജ് കുറയ്ക്കുന്നത് സംബന്ധമായി ബസ്സുടമകളുമായി എന്തെങ്കിലും ചർച്ച ഇതിനകം നടത്തിയോ; എങ്കിൽ എന്താണ് പ്രസ്തുത ചർച്ചയുടെ വിശദാംശങ്ങളെന്ന് വെളിപ്പെടുത്താമോ; ഇല്ലെങ്കിൽ ചർച്ച എന്ന് നടത്തും എന്ന് അറിയിക്കുമോ ? | (ഡി). ബസ് ഉടമകളുമായി 04.02.2009 ൽ ചർച്ച നടത്തിയിരുന്നു. എന്നാൽ അവർ സർക്കാർ നിർദ്ദേശത്തോട് യോജിച്ചിരുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

## പന്ത്രണ്ടാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 150 — 25-02-09 ൽ മറുപടിക്ക്**

## വാണിജ്യ നികുതി

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ.ടി.എൻ.പ്രതാപൻ : | ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വാണിജ്യനികുതി ചെക്കു പോസ്റ്റുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് ഏതെങ്കിലും കമ്പനിയുമായി കരാർ ഒപ്പ് വച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ വാണിജ്യനികുതി ചെക്ക് പോസ്റ്റുകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി സംസ്ഥാന സർക്കാർ സംരംഭമായ ഇൻകെലുമായി ( ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ്) ചേർന്ന് ഒരു സംയുക്ത സംരംഭ കമ്പനി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച കരാർ ഒപ്പുവച്ചിട്ടില്ല. |
| (ബി) വാളയാറിലെ വാണിജ്യ നികുതി ചെക്ക് പോസ്റ്റ് നവീകരിക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; മാസ്റ്റർ പ്ലാൻ പ്രകാരം എന്തെല്ലാം നവീകരണ പദ്ധതികളാണ് വാളയാർ ചെക്ക് പോസ്റ്റിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) വാളയാറിൽ സംയോജിത ചെക്ക് പോസ്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റ് റിപ്പോർട്ട് കിറ്റ്കോ ലിമിറ്റഡ് തയ്യാറാക്കി സർക്കാരിലേക്ക് അയയ്ക്കുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ചെക്ക് പോസ്റ്റിന് വേണ്ടിയുള്ള ഭൂമി വികസനം, അതിർത്തി മതിൽ നിർമ്മാണം, പേവ് മെന്റ്, വാഹന പരിശോധനയ്ക്കു വേണ്ടിയുള്ള ഉയർന്ന പ്ലാറ്റ് ഫോറങ്ങൾ, വാഹനങ്ങൾക്ക് വേണ്ടിയുള്ള പാർക്കിംഗ് സ്ഥലം,ഓഫീസ് കെട്ടിടം, ഇൻസ്പെക്ടർമാർക്ക് വേണ്ടിയുള്ള ക്യാബിൻ, ജീവനക്കാർക്കു വേണ്ടിയുള്ള ഡോർമിറ്ററി, റിക്രിയേഷൻ സൗകര്യങ്ങൾ, ക്യാന്റീൻ, പബ്ലിക് ടോയ്‌ലറ്റ്, കടകളും ഭക്ഷണ ശാലയും, വൈദ്യുതീകരണം, ജലവിതരണ സംവിധാനം, മഴവെള്ള സംഭരണം, സൈൻ ബോർഡുകൾ,ചരക്ക് സൂക്ഷിക്കുന്നതിനുള്ള ഗോഡൗൺ, മൃഗസംരക്ഷണ വകുപ്പിന് വേണ്ടിയുള്ള പരിശോധനാ കേന്ദ്രം, കമ്പ്യൂട്ടറൈസേഷനും ബന്ധപ്പെട്ട നെറ്റ് വർക്കിംഗും, ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സംവിധാനം തുടങ്ങിയ സൗകര്യങ്ങൾ വിഭാവനം ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന് എന്ത് തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ; ചെക്ക് പോസ്റ്റുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ? | (സി) | കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ